# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണ്ണാർക്കാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം:KSA.PKD/22/97/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 06/02/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മണ്ണാർക്കാട് മുനിസിപ്പാലിറ്റി

സർ,

**വിഷയം : മണ്ണാർക്കാട് മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.മെയിൽ മുഖേന)
3.ജോയിന്റ് ഡയറക്ടർ, ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്,സിവിൽ സ്റ്റേഷൻ, പാലക്കാട് (ഉപരിപത്രം സഹിതം)
4.ഓഫീസ് പകർപ്പ്

നമ്പർ: നം:KSA.PKD/22/97/2024 തീയ്യതി: 06/02/2024

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-01-2023 മുതൽ 07-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി. അരവിന്ദാക്ഷൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-01-2024 | 25-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 25-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ബിജു ആന്റണി.യു, ഓഡിറ്റ് ഓഫീസർ

ശ്രീമതി.രാജിഷ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ശബ്നാദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.കന്തസ്വാമി.ഐ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുഹമ്മദ് ബഷീർ | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. വിനയൻ. എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 04-09-2022 |

| | | | |
|---|---|---|---|
| ശ്രീമതി.കൃഷ്ണകുമാരി.പി.ബി | സെക്രട്ടറി | 05-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് അൻസാർ | അസി.എഞ്ചിനീയർ | 01-04-2022 | 29-07-2022 |
| ശ്രീ.ബിബിൻ ജോസ് | അസി.എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| ശ്രീ.അബൂബക്കർ.എം. | പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലത.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രേവതി.കെ. | സീനി. വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.പമേലി.എൻ.എൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 26-04-2022 |
| ഡോ.കൃഷ്ണനുണ്ണി.പി.എസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 27-04-2022 | 24-05-2022 |
| ഡോ.അമാനുള്ള | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 25-05-2022 | 27-05-2022 |
| ഡോ.പമേലി.എൻ.എൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 28-05-2022 | 03-07-2022 |
| ഡോ.അമാനുള്ള | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 04-07-2022 | 21-07-2022 |
| ഡോ.പമേലി.എൻ.എൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 22-07-2022 | 08-12-2022 |
| ഡോ.അമാനുള്ള | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 09-12-2022 | 31-03-2023 |
| ഡോ. പി.എം.ദിനേശൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീ.ഷഹനാസ്.എം | ഹെഡ് മാസ്റ്റർ | 01-04-2022 | 01-07-2022 |
| ശ്രീ.നാരായണൻ.സി | ഹെഡ് മാസ്റ്റർ | 02-07-2022 | 31-03-2023 |
| ശ്രീമതി.ഗിരിജ.പി. | കൃഷി ഓഫീസർ | 01-04-2022 | 10-10-2022 |
| ശ്രീമതി.ദീപ്തി മോണിക്ക | കൃഷി ഓഫീസർ | 11-10-2022 | 24-11-2022 |
| ശ്രീ.സച്ചിൻ.പി.എസ് | കൃഷി ഓഫീസർ | 25-11-2022 | 31-03-2023 |
| ശ്രീ.ദേവദാസ്.പി.ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.നജ്മ.ജെ.എ | ഹെൽത്ത് ഓഫീസർ | 01-04-2022 | 13-09-2022 |
| ശ്രീ.അബൂബക്കർ.എം | ഹെൽത്ത് ഓഫീസർ | 14-09-2022 | 06-12-2022 |
| ശ്രീ.ബാബു ലൂയിസ് | ഹെൽത്ത് ഓഫീസർ | 07-12-2022 | 12-12-2022 |
| ശ്രീ.വത്സൻ.ടി.കെ | ഹെൽത്ത് ഓഫീസർ | 13-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-4 |
| 6 | Prior Period Item -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | കുടിശ്ശിക തുകയുടെ കാലപ്പഴക്കത്തിന് അനുസൃതമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. | 1-1-7 |
| 9 | അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുക ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി. | 1-1-8 |
| 10 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | സുലേഖ പത്രിക പ്രകാരമുള്ള മുഴുവൻ ചെലവുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-10 |
| 12 | പ്രതിമാസ റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-11 |
| 13 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | വസ്തു നികുതി -സഞ്ചയ ഡിസിബി പത്രിക ലഭ്യമാക്കിയിട്ടില്ല | 1-1-14 |
| 16 | തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | ബജറ്റ്-അപാകതകൾ | 1-2-1 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഫണ്ട് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | എ.യു.ഇ.ജി.എസ് | 1-6 |
| 23 | ക്ഷേമപദ്ധതികൾ | 1-7 |
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 1-11 |
| 28 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-1 |
| 29 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-11-2 |
| 30 | ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പിൽ കൃത്യതയില്ല | 1-11-3 |
| 31 | കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-11-4 |
| 32 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കണക്കാക്കിയതിൽ വീഴ്ച - തൊഴിൽ നികുതി ഇനത്തിൽ നഷ്ടം | 1-11-5 |
| 33 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-6 |
| 34 | ലൈസൻസ് ഇല്ലാതെ ഷോപ്പുകൾ പ്രവർത്തിക്കുന്നു | 1-12 |
| 35 | വിനോദ നികുതി ഈടാക്കുന്നതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-13 |
| 36 | കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ അപാകതകൾ | 1-14 |
| 37 | കടകൾ പ്രവർത്തിക്കുന്നു എന്നാൽ കടകളിൽനിന്ന് വാടക ഈടാക്കുന്നില്ല. | 1-14-1 |
| 38 | വാടക ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല | 1-14-2 |
| 39 | നിയമാനുസൃത മുദ്രപത്രത്തിൽ വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. | 1-14-3 |

| | | |
|---|---|---|
| 40 | വാർഷിക ധനകാര്യ പത്രികയിൽ വാടക ഡിമാന്റ് പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല | 1-14-4 |
| 41 | കടമുറികൾ വാടകയ്ക്ക് എടുത്തതിന്ശേഷം കൂടിയവാടകയ്ക്ക് മറ്റുള്ളവർക്ക് കടമുറികൾ നൽകുന്നു. | 1-14-5 |
| 42 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു. | 1-15 |
| 43 | നഗരസഭയുടെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-16 |
| 44 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-17 |
| 45 | വസ്തുനികുതി പിരിവിൽ കാര്യക്ഷമതയില്ല-ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു | 1-18 |
| 46 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് – വരവിനത്തിൽ നഷ്ടം | 1-19 |
| 47 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. | 1-20 |
| 48 | എ ബി സി പ്രോജക്ട്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-21 |
| 49 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 50 | വീടുകൾ വാസയോഗ്യമാക്കൽ– പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-23 |
| 51 | അംബേദ്കർ കോളനിയിലെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - പ്രോജക്ട് ആസൂത്രണത്തിലെ അപാകങ്ങൾ | 1-24 |
| 52 | നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനം | 1-25 |
| 53 | വാഹനം കണ്ടം ചെയ്ത് തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടികളെടുക്കേണ്ടതാണ് | 1-26 |
| 54 | തെരുവുവിളക്ക് പരിപാലനം-അവലോകനം | 1-27 |
| 55 | തെരുവുവിളക്ക് പരിപാലനം- അടിസ്ഥാന വസ്തുതകൾ | 1-27-1 |
| 56 | തെരുവുവിളക്ക് പരിപാലനം റിപ്പയർ ചെയ്തവയുടെ വിവരങ്ങൾ ലഭ്യമല്ല | 1-27-2 |
| 57 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-27-3 |
| 58 | അക്രഡിറ്റഡ് ഏജൻസിയായ KEL,SILK മുഖേന തെരുവുവിളക്കു സ്ഥാപിക്കൽ ,റിപ്പയർ പ്രവൃത്തികൾ നടപ്പാക്കൽ | 1-27-4 |
| 59 | മാലിന്യ നിക്ഷേപം തടയുന്നതിനുവേണ്ടി മുൻസിപ്പാലിറ്റിയിലെ വിവിധ സ്ഥലങ്ങളിൽ സിസി ടിവി ക്യാമറ സ്ഥാപിക്കൽ–പ്രവൃത്തി പുരോഗതി മോണിറ്റർ ചെയ്തിട്ടില്ല | 1-28 |
| 60 | ക്ലാസ്സ് റൂം ബിന്നുകൾ, കളക്ടേഴ്സ് സ്കൂൾ പദ്ധതികൾ പ്രകാരം വേസ്റ്റ് ബിൻ വാങ്ങൽ പദ്ധതികൾ– വിതരണവിവരം ലഭ്യമാക്കിയിട്ടില്ല | 1-29 |
| 61 | സ്കൂൾ ഹെൽത്ത് ക്ലബ് പദ്ധതി- മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-30 |
| 62 | പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സംബന്ധിച്ച് | 1-31 |
| 63 | ഗൈഡൻസ് കൗൺസിലിങ്ങ് ക്ലാസ്സ് -ചെലവു രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-32 |
| 64 | സാമൂഹിക സുരക്ഷാ മിഷന് തുക കൈമാറിയത്- പദ്ധതി പൂർത്തികരിച്ച വിവരം ലഭ്യമല്ല | 1-33 |
| 65 | THRS- വാങ്ങൽ ബില്ലുകളിൽ ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-34 |
| 66 | പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. | 1-35 |
| 67 | അനുമതിയില്ലാതെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിന്നും വളരെ വ്യത്യസ്തമായ അളവുകളിൽ പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു. | 1-36 |
| 68 | ഇ-ടെൻണ്ടർ ഫീസ് നഗരസഭയുടെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല. | 1-37 |
| 69 | റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ അളവുകൾ രേഖപ്പെടുത്തി പ്രവൃത്തീപൂർത്തീകരിച്ചിരിക്കുന്നു. | 1-38 |
| 70 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. | 1-39 |
| 71 | ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള പൊതു ശൗചാലായം ഉപയോഗശൂന്യമായി നിൽക്കുന്നു. | 1-40 |
| 72 | ചെലവു രേഖകൾ ലഭ്യമാക്കിയില്ല | 1-41 |
| 73 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവഹിച്ചിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പിഴ ഈടാക്കിയിട്ടില്ല. | 1-42 |
| 74 | PMAY-ഭവന നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല | 1-43 |
| 75 | പി.എം.എ.വൈ. പദ്ധതി | 1-44 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർച്ചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം. | |

# ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.06.2023 തീയതിയിലെ 5 -നം. തീരുമാനം പ്രകാരം അംഗീകരിച്ച് 21.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്രസംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം
പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ /മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തീയതി : 06.02.2024

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ

ഉൾപ്പെടുത്തിയിട്ടില്ല.(കേരള മുൻസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58-(2) (എഫ്)

**1-1-2 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല**

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മണ്ണാർക്കാട് നഗരസഭയിലെ 2022-23 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110010100-Property Tax(General) | 42200783/1.4.2022<br>42200819/1.4.2022 | 15000000<br>81372 |
| 140110100-Licence Fees For Dangerous And Offensive Trades | 42200782/1.4.2022 | 1685110 |
| 110100100-Profession Tax- Institutions/ Professionals/ Traders | 42200773/1.4.2022 | 2747260 |
| 130200200-Rent From Office Buildings | 42200780/1.4.2022 | 432402 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-3 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം54(3)(എച്ച്).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
8. വിനോദ നികുതി രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

**1-1-4 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നം. 24,25,26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കിയിട്ടില്ല.

**1-1-5 Prior Period Item -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100100-Prior Period Income-Property Tax | (22873876) |
| 280209900- Prior Period Income-Other Income | (5309) |
| 280200202- Prior Period Income- Rent From Office Buildings | (230102) |

**1-1-6 കുടിശ്ശിക തുകയുടെ കാലപഴക്കത്തിന് അനുസൃതമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള കുടിശ്ശികകളുടെ വർഷാടിസ്ഥാനത്തിലുള്ള തുക കണക്കാക്കി സംശയാസ്പദമായവക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-7 ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.**

2022-23 വർഷത്തെ Income And Expenditure പത്രികയുടെ സംക്ഷിപ്തം പ്രകാരം 16963468/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

**1-1-8 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി.**

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800100 – Other Fixed Asset-Municipality, 4108000200-Other Fixed Asset-Transferred Institutions എന്ന ആസ്തികൾക്ക് യഥാക്രമം 15043213/- , 2560795/- (ആകെ 1,76,04,008/- ) രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumalated Depreciation (411800100 Accumulated Depreciation - Other Fixed Assets) 7,81,52,329/- രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില ക്രമീകരിക്കേണ്ടതാണ്.

**1-1-9 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.**

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410300 | Bank Of Baroda-PMAY-10466(V-5333) | 724108 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2023-24 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

**1-1-10 സുലേഖ പത്രിക പ്രകാരമുള്ള മുഴുവൻ ചെലവുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.**

ഓഡിറ്റിന് ലഭ്യമാക്കിയ സുലേഖ പത്രിക പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ വരവ് ചിലവ് തുകകളും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചിലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സുലേഖ പ്രകാരം ആകെ ചിലവ് | വാർഷിക കണക്ക് പ്രകാരമുള്ള ആകെ ചിലവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 2,55,29,265 | 3,29,59,465 | 74,30,200 |

ഇത് 2022-23 വർഷത്തെ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിൽ പ്രതിഫലിയ്ക്കാതിരിക്കുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കാനും കാരണമാകുന്നു.

**1-1-11 പ്രതിമാസ റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.**

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| Head | Bank | Statement |
|---|---|---|
| 450620100 | Axis Bank-CFC-PFMS-3119 | Reconciliation Statement ഹാജരാക്കിയിട്ടില്ല |
| 450420100 | ICICI Bank- TSC-0684 | Reconciliation Statement ഹാജരാക്കിയിട്ടില്ല |
| 450610300 | Axis Bank-AUEGS-4376 | Reconciliation Statement ഹാജരാക്കിയിട്ടില്ല |
| 450210100 | Canara Bank-Own Fund-50580 | Reconciliation Statement ഹാജരാക്കിയിട്ടില്ല |
| 450210200 | SIB Own Fund-116031 | Reconciliation Statement ഹാജരാക്കിയിട്ടില്ല |
| 450210300 | State Bank Of India-IBPMS-0181 | Reconciliation Statement ഹാജരാക്കിയിട്ടില്ല |
| 450210300 | MRSCB Own Fund-21827 | Reconciliation Statement ഹാജരാക്കിയിട്ടില്ല |

**1-1-12 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല**

RP 24 പ്രകാരമുള്ള ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-13 ഡെപോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 ലെ പ്രകാരം വിവിധയിനത്തിലുള്ള ഡെപ്പോസിറ്റുകളിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയത് നിരീക്ഷിക്കുന്നതിനായിഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

**1-1-14 വസ്തു നികുതി -സഞ്ചയ ഡിസിബി പത്രിക ലഭ്യമാക്കിയിട്ടില്ല**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ

തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്.എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ലഭ്യമാക്കിയില്ല. ആയതിനാൽ വസ്തുനികുതിയുടെ വാർഷിക കണക്കിലെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**1-1-15 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം | ക്യാഷ് ബുക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 976826 | 988132 |
| ചിലവ് | 16481698 (I-14 പ്രകാരം) | 14986254 |
| നീക്കിയിരിപ്പ് | 15143 | 14827 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ്ബുക്ക് പ്രകാരം 1,50,00,000 രൂപ നഗരസഭ തനത് ഫണ്ടിൽ നിന്നും തൊഴിലുറപ്പ് പദ്ധതിക്ക് മുൻകൂറായി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും വാർഷിക കണക്കിൽ ഇല്ല. നാളിത് വരെ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി മുൻകൂറായി നൽകിയതിൽ എത്ര രൂപയാണ് ഇനി തിരികെ ലഭിക്കാൻ ഉള്ളതെന്ന വിവരവും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

25-3-2022 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം തൻവർഷത്തെ ബജറ്റ് അംഗീകരിച്ചു. 29-3-2022 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6,83,98,568 |
| വരവ് | 58,84,78,600 |
| ആകെ | 65,68,77,168 |
| ചെലവ് | 62,48,08,300 |
| നീക്കിബാക്കി | 3,20,68,868 |

തൻവർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു. (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,43,88,875 |
| വരവ് | 14,89,22,278 |
| ആകെ | 18,33,11,153 |
| ചെലവ് | 16,75,54,202 |
| നീക്കിയിരിപ്പ് | 1,57,56,951 |

യഥാർത്ഥ വരവും ചെലവും ബഡ്ജറ്റിലെ വരവും ചെലവും തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു.

യാഥാർത്ഥ്യ ബോധത്തോടെ ബഡ്ജറ്റ് നിർമിക്കുന്നതിനും എല്ലാ ഘടകസ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ചെലവുകൾ നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-2-1 ബജറ്റ്-അപാകതകൾ**

**യഥാർത്ഥ വരവും ചെലവും ബഡ്ജറ്റിലെ വരവും ചെലവും തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു.**

തൻവർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു. (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,43,88,875 |
| വരവ് | 14,89,22,278 |
| ആകെ | 18,33,11,153 |

| | |
|---|---|
| ചെലവ് | 16,75,54,202 |
| നീക്കിയിരിപ്പ് | 1,57,56,951 |

യഥാർത്ഥ വരവും ചെലവും ബഡ്ജറ്റിലെ വരവും ചെലവും തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്നുണ്ട്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് നിർമിക്കുന്നതിനും എല്ലാ ഘടകസ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ചെലവുകൾ നടത്തുന്നതിനും സ്വീകരിച്ച നടപടികൾ അറിയ്ക്കേണ്ടതാണ്.

**2. ബജറ്റ് മുന്നിരിപ്പ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.**

2022-23 ലെ ബജറ്റ് പ്രകാരം മുന്നിരിപ്പ് 6,83,98,568 രൂപയും 2022-23 ലെ റിവൈസ്ഡ് ബജറ്റ് പ്രകാരം മുന്നിരിപ്പ് 2,58,13,251 രൂപയുമാണ്. ഈ വ്യത്യാസത്തിന് കാരണം ബോധിപ്പിക്കേണ്ടതാണ്.

**3. ബജറ്റ് യോഗം ചേർന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

ബജറ്റ് ഫയൽ പരിശോധിച്ചതിൽ 2022-23 വർഷത്തെ പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 14.03.2023 തിയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതായും ആയത് 15.03.2023 തിയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചതായും കാണുന്നു. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, കൗൺസിൽ എന്നിവയുടെ യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ മേൽ തിയതികളിൽ യോഗം ചേർന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് 31/23.01.24 മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,43,88,875 |
| വരവ് | 14,89,22,278 |
| ആകെ | 18,33,11,153 |
| ചെലവ് | 16,75,54,202 |
| നീക്കിയിരിപ്പ് | 1,57,56,951 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് –ജനറൽ | 0 | 33657865 | 33657865 | 32959465 | 698400 |
| വികസനഫണ്ട് –എസ്.സി.പി | 0 | 13814055 | 13814055 | 10481150 | 3332905 |
| വികസനഫണ്ട് –ടി.എസ്.പി | 0 | 422100 | 422100 | 363334 | 58766 |
| മെയ്ന്റനൻസ് ഗ്രാന്റ് –റോഡ് | 0 | 7368000 | 7368000 | 7262749 | 105251 |
| മെയ്ന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 9652700 | 9652700 | 3087576 | 6565124 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്-Bank | 3552575 | 6786000 | 10338575 | 10305237 | 33338 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് | 0 | 827765 | 827765 | 731535 | 96230 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്- Treasury | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഗ്രാന്റ്-Bank | 17680315 | 10179000 | 27859315 | 26612931 | 1246384 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- Treasury | 0 | 1841501 | 1841501 | 427001 | 1414500 |

കേന്ദ്രാവിഷ്കൃതം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| ICDS | 0 | 1112838 | 1112838 | 1052644 | 60194 |
| TSC | 873793 | 500 | 874293 | 9850 | 864443 |
| PMAY | 2606783 | 14866495 | 17473278 | 17105892 | 367386 |
| Health Grant(convert PHCs And Subcentres) | 0 | 5127096 | 5127096 | 0 | 5127096 |
| Health Grant( PHCs Diagnostic Infrastructure) | 0 | 3200000 | 3200000 | | 3200000 |
| Fund For Transferred Institutions-Health | 417600 | 0 | 417600 | 0 | 417600 |

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കിൽ വേറിട്ട് കാണിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 450 | 271152085 | 201 | 108758504 | - | 249 | 44.67 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 123000 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 1400000 | 2 | 1400000 | 100 |
| കൃഷി ഓഫീസർ | 7 | 995121 | 7 | 693046 | 69.64 |
| സെക്രട്ടറി | 50 | 118181863 | 31 | 30599157 | 25.89 |
| ഹെഡ് മാസ്റ്റർ | 18 | 6749077 | 8 | 1984034 | 29.39 |
| വെറ്ററിനറി സർജ്ജൻ | 7 | 2895000 | 7 | 2582500 | 89.20 |
| പ്രോജക്റ്റ് ഓഫീസർ-ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 8 | 14137032 | 8 | 7131434 | 50.44 |
| ഹെൽത്ത് ഓഫീസർ | 16 | 13003915 | 12 | 8896392 | 68.41 |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 6 | 7290132 | 6 | 6585428 | 90.33 |
| മുനിസിപ്പൽ എഞ്ചിനിയർ | 322 | 96527945 | 107 | 39588715 | 41.01 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 9849000 | 13 | 9297798 | 94.40 |
| | 450 | 27,11,52,085 | 201 | 10,87,58,504 | 40.11 |

## 1-6 എ.യു.ഇ.ജി.എസ്

| | |
|---|---|
| മുന്നിരിപ്പ് | 988132.00 |
| AUEGS ഫണ്ട് | 15000000.00 |
| പലിശ | 1417 |
| ആകെ | 15989549.00 |
| അഡ്മിസിനിസ്ട്രേറ്റീവ് ചെലവ് | 465539 |
| വേതനം | 15508847 |
| ആകെ ചെലവ് | 15974386 |
| നീക്കിയിരിപ്പ് | 15163<br>(15143-Axis Bank Mannarkkad<br>20.00- Sub Treasury Mannarkkad) |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1319400 | 112 |
| 2 | വാർദ്ധക്യകാല പെൻഷൻ | 23687200 | 2285 |
| 3 | വികലാംഗ പെൻഷൻ | 3482000 | 307 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 956800 | 89 |
| 5 | വിധവാ പെൻഷൻ | 15355200 | 1306 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

19.01.2024 ഉച്ചതിരിഞ്ഞ് 2.00 മണിക്ക് കാഷ്യരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഒരു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാലു രൂപ (107524/- രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 54(3)(എച്ച്) പ്രകാരം ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിലവിൽ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.
ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട മറ്റു പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2018-19 മുതൽ 2020-21 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ 9 പരാമർശങ്ങൾ ഉള്ളതിന് മറുപടി നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലെ 10 പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടുള്ളത് 1-9-2015 മുതൽ 30-9-2015 വരെയുള്ള കാലയളവിലെ മാത്രമാണ്. തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ വിവരം ലഭ്യമല്ല. ഓഡിറ്റ് ഒബ്ജെക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-11 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥനാണ്. (കേരള മുനിസിപ്പാലിറ്റി ആക്ട് 1994 , വകുപ്പ് 245). നഗരസഭയുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയവ തുടർഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെക്കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|
| 1 | അസി.പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസ് | ഒന്ന് |
| 2 | സ്റ്റേറ്റ് ടാക്സ് ഓഫീസ്, എസ്.ജി.എസ്.ടി ഡിപ്പാർട്ട്മെന്റ് | ഒന്ന് |
| 3 | സി.വി.ആർ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | ഒന്ന്, രണ്ട് |
| 4 | ക്രസന്റ് ട്യൂഷൻ സെന്റർ | ഒന്ന്, രണ്ട് |
| 5 | ICS IT എഡ്യൂക്കേഷൻ | ഒന്ന്, രണ്ട് |
| 6 | എം.ഇ.എസ് വുമൻസ് കോളേജ് | ഒന്ന്, രണ്ട് |
| 7 | എൻ.ഐ.സി കോളേജ് | ഒന്ന്, രണ്ട് |

| | | |
|---|---|---|
| 8 | ഓർബിറ്റ് ഇൻസ്റ്റിറ്റ്യൂട്ട് | ഒന്ന് |
| 9 | വിക്ടറി കോളേജ്, നെല്ലിപ്പുഴ | ഒന്ന്, രണ്ട് |
| 10 | കനറാ ബാങ്ക് | ഒന്ന് |
| 11 | ജിയോജിത്ത് ഫിനാൻഷ്യൽ സർവീസ് | ഒന്ന്, രണ്ട് |
| 12 | മണ്ണാർക്കാട് കോ-ഓപ്പ് അർബൻ ക്രഡിറ്റ് സൊസൈറ്റി | രണ്ട് |
| 13 | മണ്ണാർക്കാട് പ്രവാസി വെൽഫയർ കോ-ഓപ്പ സൊസൈറ്റി | ഒന്ന് |
| 14 | പാലക്കാട് ഡിസ്റ്റി.കോൺട്രാക്ടേഴ്സ് കോ-ഓപ്പ സൊസൈറ്റി | ഒന്ന്, രണ്ട് |
| 15 | സൂര്യ ബാങ്കേഴ്സ് | ഒന്ന്, രണ്ട് |
| 16 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ , മണ്ണാർക്കാട് RACC | ഒന്ന് |
| 17 | എ.എം.വിങ്സ് ടൂവീലർ പ്രൈവറ്റ് ലിമിറ്റഡ് | രണ്ട് |
| 18 | ചോയ്സ് വെഡ്ഡിങ് സെന്റർ | ഒന്ന്, രണ്ട് |
| 19 | സിറ്റി മോട്ടോർസ് | ഒന്ന്, രണ്ട് |
| 20 | ഗ്രീൻ ബേക്സ് | ഒന്ന്, രണ്ട് |
| 21 | ഹോട്ടൽ ഹിൽ വ്യൂ | ഒന്ന്, രണ്ട് |
| 22 | ഇമേജ് മൊബൈൽസ് & കമ്പ്യൂട്ടർസ് | രണ്ട് |
| 23 | മുല്ലാസ് വെഡ്ഡിങ് സെന്റർ | ഒന്ന്, രണ്ട് |
| 24 | നന്തിലത്ത് ഇലക്ട്രോ പ്ലാനറ്റ് | രണ്ട് |
| 25 | പി.ജി.എം ഹോൾസെയിൽ ജ്വല്ലറി | ഒന്ന്, രണ്ട് |
| 26 | സാമിയ സിൽക്സ് | ഒന്ന് |
| 27 | സയ ബേക്കറി | ഒന്ന്, രണ്ട് |
| 28 | വസന്തം ടെക്സ്റ്റൈൽസ് | രണ്ട് |
| 29 | ഓകാസ് തിയേറ്റർ | ഒന്ന്, രണ്ട് |
| 30 | സി.എഫ്.സി.ഐ.സി.ഐ | ഒന്ന്, രണ്ട് |
| 31 | അഡ്നോക്സ് ഗാർമെന്റ്സ് | ഒന്ന്, രണ്ട് |
| 32 | പാഴേരി ഗോൾഡ് | ഒന്ന്, രണ്ട് |
| 33 | PWD Bridges സബ് ഡിവിഷൻ | രണ്ട് |
| 34 | അർബൻ ഗ്രാമീൺ സൊസൈറ്റി ഗോൾഡ് ലോൺ | രണ്ട് |
| 35 | ന്യൂ അർബൻ ഗ്രാമീൺ കൗൺസിൽ മഹിളാ ജ്യോതി | രണ്ട് |
| 36 | പാലക്കാട് എജ്യുക്കേഷനൽ ഡിസ്.സ്കൂൾ ടീച്ചേഴ്സ് കോ-ഓപ്പ സൊസൈറ്റി | രണ്ട് |
| 37 | യോഗക്ഷേമം ലോൺസ് | രണ്ട് |
| 38 | AUGES മണ്ണാർക്കാട് മുനിസിപ്പാലിറ്റി | രണ്ട് |
| 39 | ബേബി വേൾഡ് | ഒന്ന്, രണ്ട് |
| 40 | എ.ആർ.സർവീസ് പോയന്റെ | ഒന്ന്, രണ്ട് |
| 41 | അർജ്ജുൻ അമരാവതി ചിറ്റ്സ് | ഒന്ന്, രണ്ട് |
| 42 | ഇൻഡ്യൻ ബാങ്ക് | രണ്ട് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. (23/23.01.24)

**1-11-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.**

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ | രണ്ട് |
| 2 | കാത്തലിക് സിറിയൻ ബാങ്ക് | ഒന്ന്,രണ്ട് |

| | | |
|---|---|---|
| 3 | മണ്ണാർക്കാട് കോ-ഓപ്പറേറ്റീവ് അർബൻ ക്രെഡിറ്റ് സൊസൈറ്റി | രണ്ട് |
| 4 | മണ്ണാർക്കാട് പ്രവാസി വെൽഫയർ കോ-ഓപ്പ് സൊസൈറ്റി | ഒന്ന് |
| 5 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് | രണ്ട് |
| 6 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കമ്പനി ലിമിറ്റഡ് | രണ്ട് |
| 7 | വെർട്ടെക്സ് സെക്യൂരിറ്റീസ് | രണ്ട് |
| 8 | കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് | ഒന്ന്, രണ്ട് |
| 9 | കെ.എസ്.ഇ.ബി ഡിവിഷനൽ ഓഫീസ് | ഒന്ന്, രണ്ട് |
| 10 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | ഒന്ന്, രണ്ട് |
| 11 | സഗ്രഹ മാനേജ്മെന്റ സർവീസ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്ന്, രണ്ട് |

സ്ഥാപന തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

**1-11-3 ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പിൽ കൃത്യതയില്ല**

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സെക്രട്ടറി 8ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഒരു ഡിമാന്റ് രജിസ്റ്റർ ഒന്നോ അതിലധികമോ വർഷത്തേക്ക് ഉപയോഗിക്കാവുന്നതുമാണ്. മുനിസിപ്പാലിറ്റിയിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഡിമാന്റ് ചെയ്യപ്പെടേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ, ജീവനക്കാരുടെ പേരു വിവരം, അർദ്ധ വാർഷിക വരുമാനം മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ ഡാറ്റാബേസ് ഇല്ലാത്തതിനാൽ തൊഴിൽ നികുതിയിനത്തിലെ ചോർച്ച കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യമാണ്. തൊഴിൽ നികുതി രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**1-11-4 കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.**

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം കരാറുകാരിൽനിന്നും ഒരു അർദ്ധവർഷത്തേക്ക് 1250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള താഴെ ചേർത്തിരിക്കുന്ന കരാറുകാരിൽ നിന്നും നഗരസഭ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ഹംസ.എ |
| 2 | നൗഷാദ്.പി |
| 3 | മുഹമ്മദ് റിയാസുദ്ദീൻ |
| 4 | യൂസഫ്.പി |
| 5 | ഹസ്സൻ.എം |
| 6 | മുഹമ്മദ് ഷരീഫ് |
| 7 | ഷൗക്കത്തലി |
| 8 | അൻസാർ.എ |
| 9 | കാർത്തികേയൻ |
| 10 | പ്രേംരാജ്.കെ |
| 11 | അർജ്ജുൻ സോമൻ.കെ |

| | |
|---|---|
| 12 | സോമൻ.കെ |
| 13 | കൃഷ്ണദാസ്.ജി.എൻ |
| 14 | സക്കീർ ഹുസൈൻ |
| 15 | മുഹമ്മദ് ഷഹീർ |
| 16 | ബസീൽ ലത്തീഫ്.എൻ.കെ |
| 17 | കൃഷ്ണൻകുട്ടി.പി |
| 18 | ജോസ്.പി |
| 19 | ഹബീബ് മുഹമ്മദ് |
| 20 | കെ.സി.താജുദ്ദീൻ |
| 21 | സുന്ദരമോഹൻ.കെ.പി |
| 22 | യാക്കുബ്.എം.കെ |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന കരാറുകാരിൽ നിന്നും നഗരസഭ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതിയുടെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

### 1-11-5 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കണക്കാക്കിയതിൽ വീഴ്ച - തൊഴിൽ നികുതി ഇനത്തിൽ നഷ്ടം

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 3(11) പ്രകാരം അർദ്ധ വാർഷിക വിറ്റുവരവ് 30,000/- രൂപയിൽ താഴെയല്ലാത്ത പൊതുവിൽപ്പന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ചെറുകിട കച്ചവടക്കാരിൽ നിന്നും, ചട്ടം 3(3) പ്രകാരം പൊതുവിൽപ്പന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവട സ്ഥാപനങ്ങളിൽനിന്നും 1250/- രൂപവീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരം കച്ചവട സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള തുക ഈടാക്കിയിട്ടില്ല. പൊതുവിൽപ്പന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവട സ്ഥാപനങ്ങൾ, അർദ്ധ വാർഷിക വിറ്റുവരവ് 30,000/- രൂപയിൽ താഴെയല്ലാത്ത പൊതുവിൽപ്പന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ചെറുകിട കച്ചവടക്കാർ എന്നിവയുടെ ലിസ്റ്റ് തയ്യാറാക്കി ഹാജരാക്കിയിട്ടില്ല.

### 1-11-6 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകരിൽ നിന്നും ഒരു അർദ്ധവർഷത്തേക്ക് 1250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭാ പരിധിയിൽ സിവിൽ, മജിസ്ട്രേറ്റ് കോടതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അഭിഭാഷകരുടെ പട്ടിക തയ്യാറാക്കി സൂക്ഷിക്കുകയോ നികുതി ഡിമാന്റ് ചെയ്യുകയോ തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. മണ്ണാർക്കാട് ബാർ അസോസിയേഷന്റെ വെബ്സൈറ്റ് പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ പ്രവർത്തിക്കുന്ന അഭിഭാഷകരുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു. ഇവരിൽനിന്നും തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | അഭിഭാഷകരുടെ പേര് | മണ്ണാർക്കാട് ബാർ അസോസിയേഷൻ എൻറോൾമെന്റെ നം. | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | SURESH.G. | ENROLL : K/174/2000 | 1 & 2 |
| 2 | K/002413/2023 | PRASANTH M | 1 & 2 |
| 3 | K/000612/2023 | MOHAMMED SHAFEEQ T P | 1 & 2 |
| 4 | K/000580/2023 | MUHAMMED AMEEN K K | 1 & 2 |
| 5 | K/000564/2023 | NOUSHAD E K | 1 & 2 |
| 6 | K/001605/2023 | AMALA SANKARAN | 1 & 2 |
| 7 | K/001416/2023 | MOHAMMED MINHAJ | 1 & 2 |
| 8 | K/000951/2018 | MALAVIKA SASI | 1 & 2 |
| 9 | K/000418/2023 | ALI AKBAR | 1 & 2 |
| 10 | K/000042/1990 | ABOOBACKER ZIDHEEK T | 1 & 2 |
| 11 | K/001102/2020 | MUNEER ABDUNNAZIR | 1 & 2 |

| | | | |
|---|---|---|---|
| 12 | K/001940/2021 | VIJAYAN M S | 1 & 2 |
| 13 | K/001916/2022 | SUMAYYA K | 1 & 2 |
| 14 | K/000890/2020 | SHABIRA A | 1 & 2 |
| 15 | K/000085/2021 | RAGHAVAN A | 1 & 2 |
| 16 | K/002646/2022 | SONET THOMAS | 1 & 2 |
| 17 | K/000163/1968 | MOHAMMED P | 1 & 2 |
| 18 | K/000802/1993 | SASIKUMAR K | 1 & 2 |
| 19 | K/000887/1993 | MANI P | 1 & 2 |
| 20 | K/000100/1994 | ABDUL HALIM P | 1 & 2 |
| 21 | K/000084/1977 | THAMBI V V | 1 & 2 |
| 22 | K/002204/2022 | MOHAMMED THWALHATH ALI K | 1 & 2 |
| 23 | K/000986/2004 | BINCY N | 1 & 2 |
| 24 | K/000182/1979 | BOBY JACOB | 1 & 2 |
| 25 | K/001512/2000 | AJITH KUMAR M R | 1 & 2 |
| 26 | K/001147/2001 | JAYESH KUMAR A K | 1 & 2 |
| 27 | K/000310/2003 | PRAKASH K | 1 & 2 |
| 28 | K/000940/2003 | DEEPA K | 1 & 2 |
| 29 | K/000104/2004 | SUMESH M | 1 & 2 |
| 30 | K/000196/2004 | PRASANTH BABU P | 1 & 2 |
| 31 | K/000064/1988 | RAMADASAN K K | 1 & 2 |
| 32 | K/000367/1989 | VENUGOPALAN M K | 1 & 2 |
| 33 | K/000124/1990 | ABDUL NASAR KOMBATH | 1 & 2 |
| 34 | K/000140/1990 | NARAYANAN KUTTY P | 1 & 2 |
| 35 | K/000856/1990 | SASIKUMAR M | 1 & 2 |
| 36 | K/000464/1992 | SANKARAN K | 1 & 2 |
| 37 | K/000109/1993 | MADHUSOODANAN N | 1 & 2 |
| 38 | K/000318/1962 | HARIDAS T P | 1 & 2 |
| 39 | K/000323/1984 | JOSE JOSEPH | 1 & 2 |
| 40 | K/000399/1984 | JOSY JOSEPH | 1 & 2 |
| 41 | K/000617/2004 | PREETHA C | 1 & 2 |
| 42 | K/001313/1995 | RAJESH N | 1 & 2 |
| 43 | K/000038/1996 | MOHAMMED ASHRAF P P | 1 & 2 |
| 44 | K/000562/1996 | ABBAS A | 1 & 2 |
| 45 | K/000158/1997 | SUNIL T K | 1 & 2 |
| 46 | K/000024/1998 | BASHEER A | 1 & 2 |
| 47 | K/000030/1998 | ACHUTHAN P N | 1 & 2 |
| 48 | K/000136/1998 | JAYAKUMAR P M | 1 & 2 |
| 49 | K/000501/1998 | PRADEEP KUMAR A | 1 & 2 |
| 50 | K/000689/1998 | SHOWKATHALI C | 1 & 2 |
| 51 | K/000702/1998 | MUHAMMED RAFEE A K | 1 & 2 |
| 52 | K/000724/1998 | SURESH K | 1 & 2 |
| 53 | K/000117/1999 | DENESH M P | 1 & 2 |
| 54 | K/000139/1999 | MURALIDHARAN K | 1 & 2 |
| 55 | K/000997/1999 | ARAVINDAKSHAN P R | 1 & 2 |
| 56 | K/001696/1999 | REJIMON JOSEPH | 1 & 2 |
| 57 | K/001759/1999 | RAJEEV N | 1 & 2 |
| 58 | K/002305/1999 | JASMINA P | 1 & 2 |
| 59 | K/000303/2000 | GOPAKUMAR A | 1 & 2 |
| 60 | K/000566/2000 | SAKKEER HUSSAIN M N | 1 & 2 |
| 61 | K/000747/1995 | SUJATHA K | 1 & 2 |
| 62 | K/001149/1994 | JAYAKRISHNAN P R | 1 & 2 |
| 63 | K/000993/1994 | ABU E P | 1 & 2 |
| 64 | K/000762/1994 | JOLSNA M | 1 & 2 |
| 65 | K/000512/2006 | BALASUBRAMANIAN K | 1 & 2 |

| | | | |
|---|---|---|---|
| 66 | K/000120/2008 | SANOJ K NELSON | 1 & 2 |
| 67 | K/000441/2022 | PAVITHRA JOSEPH | 1 & 2 |
| 68 | K/000502/2009 | MUHAMMED NOUFAL K | 1 & 2 |
| 69 | K/000502/2022 | VAISHNAV N J | 1 & 2 |
| 70 | K/000702/2009 | KOYA ARAFA MIRAGE | 1 & 2 |
| 71 | K/000706/2009 | SMRUTHI ROSE T | 1 & 2 |
| 72 | K/000855/2010 | SHAFEENA. C | 1 & 2 |
| 73 | K/001159/2010 | MUHAMMED MUSTHAFA M | 1 & 2 |
| 74 | K/000075/2013 | ADARSH KURIAN | 1 & 2 |
| 75 | K/000490/2013 | JASNA C.Y. | 1 & 2 |
| 76 | K/000631/2013 | ASWATHY M.N. | 1 & 2 |
| 77 | K/000107/2015 | RASIYA M | 1 & 2 |
| 78 | K/000360/2015 | MANJU M K | 1 & 2 |
| 79 | K/000651/2015 | SAHEERA C | 1 & 2 |
| 80 | K/000861/2016 | JUGUNU MON T | 1 & 2 |
| 81 | K/001397/2018 | BENISHA CHANDHNI | 1 & 2 |
| 82 | K/001593/2022 | RIYAS. S.H | 1 & 2 |
| 83 | K/000386/2019 | PRAJITHA T | 1 & 2 |
| 84 | K/000981/2019 | SHIJU P | 1 & 2 |
| 85 | K/001062/2018 | MUHAMMED AMEEN M | 1 & 2 |
| 86 | K/000558/2017 | DIVYA K | 1 & 2 |
| 87 | K/001039/2017 | RADHIKA K | 1 & 2 |
| 88 | K/003633/2023 | SHAMEER P A | 1 & 2 |
| 89 | K/002070/2023 | MUJEEB RAHIMAN M | 1 & 2 |
| 90 | K/000228/1985 | JAYARAM P N | 1 & 2 |
| 91 | K/000853/1992 | MAMMED T N | 1 & 2 |
| 92 | K/000559/1991 | BOBY BASTIAN | 1 & 2 |
| 93 | K/000127/1991 | PRAKASAN P | 1 & 2 |
| 94 | K/000542/1990 | MANOJ K S | 1 & 2 |
| 95 | K/001097/2003 | RAJEEV K P | 1 & 2 |
| 96 | K/000747/2003 | MAYA V | 1 & 2 |
| 97 | K/000659/2002 | ABDUL NAZAR K | 1 & 2 |
| 98 | K/000635/2002 | AMJATH M | 1 & 2 |
| 99 | K/000595/2001 | MOHAMED K | 1 & 2 |
| 100 | K/000325/1977 | ALI MOHAMED T | 1 & 2 |
| 101 | K/000373/1976 | RAVINDRAN M T | 1 & 2 |
| 102 | K/001090B/2020 | SARATH JOSE | 1 & 2 |
| 103 | K/001273/2000 | SREELAJA K P | 1 & 2 |
| 104 | K/003282/1999 | ABDUL NASAR A | 1 & 2 |
| 105 | K/002741/1999 | GOPAKUMAR K | 1 & 2 |
| 106 | K/000695/1979 | PREMAKUMAR P P | 1 & 2 |
| 107 | K/001561/1999 | RAJITHA K G | 1 & 2 |
| 108 | K/000943/1999 | SHEEJA P | 1 & 2 |
| 109 | K/000374/1998 | DEEPA RANI T | 1 & 2 |
| 110 | K/000066/1997 | BENNY T E | 1 & 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 23/23.01.24) ക്ക് മറുപടിയായി മുഴവൻ അഭിഭാഷകർക്കും ഡിമാന്റ് നോട്ടീസ് നൽകി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രശീതിയുടെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

**1-12 ലൈസൻസ് ഇല്ലാതെ ഷോപ്പുകൾ പ്രവർത്തിക്കുന്നു**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, ആക്ട് 447 പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു

സ്ഥലവും നഗരസഭയുടെ ലൈസൻസ് ഇല്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നതിനായി നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും ഇതിനെതിരെ കടക്കാർ കോടതിയെ സമീപിക്കുകയും സ്റ്റേ ഓർഡർ ലഭിച്ചിട്ടുള്ളതുമാണ്. കടമുറികളുടെ നിലവിലെ സ്ഥിതി പരിശോധിച്ചതിൽ കടമുറികൾ പ്രവർത്തിക്കുന്നതായും എന്നാൽ ഇവരിൽ നിന്നും വർഷങ്ങളായി നഗരസഭ വാടകയൊന്നും ഈടാക്കുന്നില്ല എന്നും നഗരസഭയുടെ ലൈസൻസില്ലാതെയാണ് മേൽ ഷോപ്പുകൾ പ്രവർത്തിക്കുന്നത് എന്നും കാണുന്നു.

| ക്രമ നം | ബിൽഡിംഗ് നം. | വാടകയ്ക്ക് എടുത്ത ആൾ |
|---|---|---|
| 1 | 17 | രാമകൃഷ്ണൻ.ടി.ആർ |
| 2 | 18 | അബ്ദുൾ സമദ് |
| 3 | 19 | ടി.വി.ജോസ് |
| 4 | 20 | എം.പി.സിദ്ദിഖ് |
| 5 | 21 | സണ്ണി കുണ്ടുവിള |
| 6 | 22 | ജോൺ മത്തായി |
| 7 | 23 | കെ.എ.സക്കറിയ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/25.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമലംഘനമാണ് എന്നതിനാൽ മേൽ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-13 വിനോദ നികുതി ഈടാക്കുന്നതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

31.08.2019 ലെ സ.ഉ(കൈ)നം.112/2019/തസ്വഭവ ഉത്തരവ് പ്രകാരം സിനിമാ തിയേറ്ററുകളിൽ നിന്നുള്ള വിനോദനികുതി 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനം നിരക്കിലും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 5-ാം തിയതിക്ക് മുൻപായി പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്.

മണ്ണാർക്കാട് നഗരസഭാ പ്രദേശത്ത് താഴെ പറയുന്ന അഞ്ച് തിയറ്ററുകൾ പ്രവർത്തിക്കുന്നതായി കാണുന്നു.

1. ആരാധന

2. ശിവശക്തി

3. സിനിമാജിക്സ് (സ്ക്രീൻ),

4. ഓക്കാസ്

5. മിലാൻ സിനിമാസ്

2022-23 വാർഷിക കണക്ക് പ്രകാരം (RP-1) വിനോദനികുതി ഇനത്തിൽ 1421950/- രൂപ വരവുണ്ട്. വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി താഴെ പറയുന്ന രേഖകൾ ആവശ്യമാണെങ്കിലും ഇവയൊന്നും ഹാജരാക്കിയിട്ടില്ല.

1. **GST സ്റ്റേറ്റ്മെന്റ്-** ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 5-ാം തിയതിക്ക് മുൻപായി പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. എന്നാൽ തിയേറ്റർ ഉടമകൾ GST സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.
2. **ടിക്കറ്റ് നിരക്ക്-** ഓരോ തിയറ്ററിലുമുള്ള ടിക്കറ്റ് നിരക്ക് എത്രയെന്ന് മനസ്സിലാക്കുന്നതിനുള്ള രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. യഥാർത്ഥത്തിൽ വിറ്റ ടിക്കറ്റുകളുടെ കൃത്യതയും ഉറപ്പാക്കിയിട്ടില്ല. ടിക്കറ്റിന്റെ നിരക്കിന് ആനുപാതികമായിട്ടാണ് വിനോദ നികുതി കണക്കാക്കേണ്ടത്. ടിക്കറ്റിന്റെ നിരക്ക് ലഭ്യമല്ലാത്തതിനാൽ ഈടാക്കിയ നികുതിയുടെ കൃത്യതയും ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
3. **വിനോദ നികുതി രജിസ്റ്റർ** - ഓരോ തിയറ്ററിൽ നിന്നും ഈടാക്കുന്ന വിനോദ നികുതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/23.01.24) മറുപടി ലഭ്യമായില്ല. വിനോദ നികുതി

രജിസ്റ്റർ, തിയേറ്റർ ഉടമകൾ ഹാജരാക്കേണ്ട GST സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വിനോദ നികുതിവരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

**1-14 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ അപാകതകൾ**

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിൽ വാടകയ്ക്ക് നൽകുന്ന 65 കടമുറികൾ ഉള്ളതായി കാണുന്നു. വാടക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ വാടക വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തൽ നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ കടമുറികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി രജിസ്റ്റർ പ്രകാരമുള്ള 65 കടമുറികളുടെ സ്ഥലപരിശോധന നടത്തുകയും അതിൻ പ്രകാരം കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വാടകക്കാർ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | 1 | - | രജിസ്റ്റർ പ്രകാരം ജീപ്പ് ഷെഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കടമുറിയിൽ മാലിന്യങ്ങൾ ചാക്കിൽ കെട്ടി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. |
| 2 | 2 | സഫിയ | കട പ്രവർത്തിക്കുന്നു. 9 മാസത്തെ വാടക കുടിശ്ശിക കാണുന്നു |
| 3 | 3 | സറീന | കട പ്രവർത്തിക്കുന്നു. വാടക കുടിശ്ശിക ഇല്ല |
| 4 | 4 | സറീന | കട പ്രവർത്തിക്കുന്നു. വാടക കുടിശ്ശിക ഇല്ല |
| 5 | 5 | മൂസ | കട പ്രവർത്തിക്കുന്നു. 5 മാസത്തെ വാടക കുടിശ്ശിക കാണുന്നു |
| 6 | 6 | ആയുർവേദ ഹോസ്പിറ്റൽ | പ്രവർത്തിക്കുന്നു |
| 7 | 7 | സി.കെ,ഹംസ | കട പ്രവർത്തിക്കുന്നു.<br>വാടക ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 8 | 8 | അബൂബക്കർ.ഒ.കെ | കട പ്രവർത്തിക്കുന്നു. വാടക കുടിശ്ശിക ഇല്ല |
| 9 | 9 | ബാലകൃഷ്ണൻ നായർ | കട പ്രവർത്തിക്കുന്നു. വാടക കുടിശ്ശിക ഇല്ല |
| 10 | 10 | യൂസഫ് | കട പ്രവർത്തിക്കുന്നു. വാടക കുടിശ്ശിക ഇല്ല |
| 11 | 11 | കദീജ | കട പ്രവർത്തിക്കുന്നു. വാടക ഒന്നും തന്നെ ഈടാക്കിയിട്ടില്ല |
| 12 | 12 | അപ്പു ഉപ്പൻ | കട പ്രവർത്തിക്കുന്നു. വാടക കുടിശ്ശിക ഇല്ല |
| 13 | 13 | ഷാജഹാൻ | കട പ്രവർത്തിക്കുന്നു. വാടക ഒന്നും തന്നെ ഈടാക്കിയിട്ടില്ല |
| 14 | 14 | ഷൗക്കത്തലി | കട പ്രവർത്തിക്കുന്നു. വാടക കുടിശ്ശിക ഇല്ല |
| 15 | 15 | പോലീസ് ഔട്ട് പോസ്റ്റ് | - വാടക നിശ്ചയിച്ചിട്ടില്ല. |
| 16 | 16 | കൃഷ്ണദാസ്.ജി.എൻ | കോടതിയിൽ കേസ് നിലനിൽക്കുന്നു. എന്നാൽ കട പ്രവർത്തിക്കുന്നു. വാടക അടയ്ക്കുന്നില്ല |
| 17 | 17 | രാമകൃഷ്ണൻ.ടി.ആർ | |
| 18 | 18 | അബ്ദുൾ സമദ് | |
| 19 | 19 | ടി.വി.ജോസ് | |
| 20 | 20 | എം.പി.സിദ്ദിഖ് | |
| 21 | 21 | സണ്ണി കുണ്ടുവിള | |
| 22 | 22 | ജോൺ മത്തായി | |
| 23 | 23 | കെ.എ.സക്കറിയ | |
| 24 | 24 | എ.ഇ ഓഫീസ് | എ.ഇ ഓഫീസ് പ്രവർത്തിക്കുന്നു |
| 25 | 25 | | |
| 26 | 26 | | |
| 27 | 27 | | |
| 28 | 28 | | |
| 29 | 29 | | |
| 30 | 30 | | |

| | | | |
|---|---|---|---|
| 31 | 31 | | |
| 32 | 32 | കടമുറികൾ പ്രവർത്തിക്കുന്നില്ല | കോടതിയിൽ കേസ് നിലനിൽക്കുന്നു. കട പ്രവർത്തിക്കുന്നില്ല. |
| 33 | 33 | | |
| 34 | 34 | | |
| 35 | 35 | | |
| 36 | 36 | | |
| 37 | 37 | | |
| 38 | 38 | | |
| 39 | 39 | | |
| 40 | 40 | | |
| 41 | 41 | | |
| 42 | 42 | | |
| 43 | 43 | | |
| 44 | 44 | | |
| 45 | 45 | | |
| 46 | 46 | | |
| 47 | 47 | അബ്ദുൽ റഹ്മാൻ | കട പ്രവർത്തിക്കുന്നു. വാടക ഒന്നും തന്നെ ഈടാക്കിയിട്ടില്ല |
| 48 | 48 | സാഹിറ | കട പ്രവർത്തിക്കുന്നു. വാടക ഒന്നും തന്നെ ഈടാക്കിയിട്ടില്ല |
| 49 | 49 | - | വയോമിത്രം ഓഫീസ് പ്രവർത്തിക്കുന്നു |
| 50 | 50 | - | മീറ്റർ റൂം |
| 51 | 51 | ജയ പ്രകാശ് | കട പ്രവർത്തിക്കുന്നു. വാടക കുടിശ്ശിക ഇല്ല |
| 52 | 52 | ഹരിഹരൻ | കട പ്രവർത്തിക്കുന്നു. വാടക കുടിശ്ശിക ഇല്ല |
| 53 | 53 | എ.ബി.ഡ്ലു കോ-ഓപ്പ സൊസൈറ്റി | കട പ്രവർത്തിക്കുന്നു. വാടക ഒന്നും തന്നെ ഈടാക്കിയിട്ടില്ല |
| 54 | 54 | നാരായണൻകുട്ടി | കട പ്രവർത്തിക്കുന്നു. വാടക കുടിശ്ശിക ഇല്ല |
| 55 | 55 | റഷീദ.ടി.ടി | കട പ്രവർത്തിക്കുന്നു. വാടക ഒന്നും തന്നെ ഈടാക്കിയിട്ടില്ല |
| 56 | 56 | | ഇവ ഏതെല്ലാമാണ് എന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണ് എന്ന് തിരിച്ചറിയുവാൻ സാധിച്ചിട്ടില്ലാത്തതാണ്, |
| 57 | 57 | | |
| 58 | 58 | | |
| 59 | 59 | ഗോപാലൻ | കട പ്രവർത്തിക്കുന്നു. വാടക ഒന്നും തന്നെ ഈടാക്കിയിട്ടില്ല |
| 60 | 60 | മുഹമ്മദ് അഷ്റഫ് | കട പ്രവർത്തിക്കുന്നില്ല. |
| 61 | 61 | മുഹമ്മദ് അഷ്റഫ് | കട പ്രവർത്തിക്കുന്നില്ല. |
| 62 | 62 | - | മേൽ കടമുറികൾ ഒന്നും പ്രവർത്തിക്കുന്നില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. |
| 63 | 63 | - | |
| 64 | 64 | മുഹമ്മദ് | |
| 65 | 65 | - | |

### 1-14-1 കടകൾ പ്രവർത്തിക്കുന്നു എന്നാൽ കടകളിൽനിന്ന് വാടക ഈടാക്കുന്നില്ല.

നഗരസഭാ കൗൺസിലിന്റെ 22.01.2019 ലെ പതിമൂന്നാം നമ്പർ തീരുമാനപ്രകാരം കാലപ്പഴക്കം കാരണം കടമുറികൾ സുരക്ഷിതമല്ലെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയതിനാൽ മുറികൾ ഒഴിയുവാൻ വാടകക്കാർക്ക് നോട്ടീസ് നൽകുവാൻ തീരുമാനമെടുക്കുകയും കടമുറികൾ ഒഴിയണം എന്നാവശ്യപ്പെട്ട് വാടകക്കാർക്ക് 28.01.2019 തിയതിയിൽ നഗരസഭ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ വാടകക്കാർ കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതി ഉത്തരവ് പ്രകാരം കടമുറികൾ പ്രവർത്തിക്കുന്നുണ്ട്. കടമുറികളുടെ നിലവിലെ സ്ഥിതി പരിശോധിച്ചതിൽ കടമുറികൾ പ്രവർത്തിക്കുന്നതായും എന്നാൽ ഇവരിൽ നിന്നും വർഷങ്ങളായി നഗരസഭ വാടകയൊന്നും ഈടാക്കുന്നില്ല എന്നും ബോധ്യപ്പെട്ടു.

നിലവിൽ പ്രവർത്തിക്കുന്നതും എന്നാൽ വാടക ഈടാക്കാത്തതുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | ബിൽ | വാടകക്കാരന്റെ | നിലവിലെ | മുനിസിപ്പാലിറ്റി |
|---|---|---|---|---|

| നം | ഡിംഗ് നം. | എടുത്ത ആൾ | സ്ഥിതി | നിർണ്ണയിച്ച വാടക നിരക്ക് |
|---|---|---|---|---|
| 1 | 17 | രാമകൃഷ്ണൻ.ടി.ആർ | കട പ്രവർത്തിക്കുന്നു. വാടക അടയ്ക്കുന്നില്ല | 2561 + 460 (GST) |
| 2 | 18 | അബ്ദുൾ സമദ് | കട പ്രവർത്തിക്കുന്നു. വാടക അടയ്ക്കുന്നില്ല | 2205 + 396(GST) |
| 3 | 19 | ടി.വി.ജോസ് | കട പ്രവർത്തിക്കുന്നു. വാടക അടയ്ക്കുന്നില്ല | 1905 + 360 (GST) |
| 4 | 20 | എം.പി.സിദ്ദിഖ് | കട പ്രവർത്തിക്കുന്നു. വാടക അടയ്ക്കുന്നില്ല | 2948 + 530 (GST) |
| 5 | 21 | സണ്ണി കുണ്ടുവിള | കട പ്രവർത്തിക്കുന്നു. വാടക അടയ്ക്കുന്നില്ല | 2055 + 370 (GST) |
| 6 | 22 | ജോൺ മത്തായി | കട പ്രവർത്തിക്കുന്നു. വാടക അടയ്ക്കുന്നില്ല | 6178 + 1112 (GST) |
| 7 | 23 | കെ.എ.സക്കറിയ | കട പ്രവർത്തിക്കുന്നു. വാടക അടയ്ക്കുന്നില്ല | 2048+ 368 (GST) |
| | | | ആകെ വാടക | 19900 + 3596 (GST)<br>12 മാസത്തേക്ക് വാടക<br>= 19900 X 12 = 238800<br>GST = 43152<br>Total= 281952/- |

മേൽ കടമുറികളിൽ നിന്നും വാടക ഈടാക്കത്തിനാൽ പ്രതിവർഷം 281952/- രൂപ നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നുണ്ട്. ഇവരിൽ നിന്നും വാടക ഈടാക്കാത്തിന് വിശദീകരണം നൽകിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ടതായ ഏതെങ്കിലും തുകയുടെ കാര്യത്തിൽ മൂന്ന് വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ നടത്തുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ഏതെങ്കിലും തുക നഷ്ടപ്പെട്ടു പോവുകയാണെങ്കിൽ വകുപ്പ് 539(2) പ്രകാരം പ്രസ്തുത തുകയും 12% പലിശയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കൽപ്പിക്കപ്പെടാവുന്നതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് 22/23.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-14-2 വാടക ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565(ബി) പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബൈലോ തയ്യാറാക്കി നഗരകാര്യ ഡയറക്ടറുടെ അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ ബൈലോ ഓഡിറ്റിന് ഹാജരാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (22/23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

**1-14-3 നിയമാനുസൃത മുദ്രപത്രത്തിൽ വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 ൽ ഉപവകുപ്പ് (3) പ്രകാരം ഒരു കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും ഫീസിന്റെ നിരക്കും അത് കൊടുക്കേണ്ട സമയവും ഉൾക്കൊള്ളിച്ചുകൊണ്ട് ഉചിതമായ മൂല്യമുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടായിരിക്കേണ്ടതാണ്. 2000-ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7(2), 8(2) പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായതോ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കളുടെ കൈമാറ്റം നിശ്ചിത മാതൃകയിലുള്ള വാടക കരാറിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ വാടകക്കരാറുകളുടെ ഫയൽ പരിശോധിച്ചതിൽ ഒരു വാടകക്കാരുമായും കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. കരാർ ഉടമ്പടികൾ ഇല്ലാതെ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 22/23.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-14-4 വാർഷിക ധനകാര്യ പത്രികയിൽ വാടക ഡിമാന്റ് പൂർണ്ണമായും രേഖപെടുത്തുന്നില്ല**

1. വരവ് ചെലവ് പത്രിക പ്രകാരം തൻവർഷ വാടക ഇനത്തിൽ 4,32,402/- രൂപയുടെ വരവുണ്ട്. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ വാടക ഡിമാന്റായി രേഖപ്പെടുത്തിയിരിക്കുന്നതും 4,32,402/- രൂപയാണ്. ആയതിനാൽ തന്നെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശിക ഒന്നും പിരിച്ചെടുക്കാനില്ലാത്തതാണ്. എന്നാൽ അനേകം കടമുറികളുടെ വാടക പിരിച്ചെടുക്കാൻ ശേഷിക്കുന്നതായും കാണുന്നു. എന്നാൽ ഇവയ്ക്ക് ഡിമാന്റെ രേഖപ്പെടുത്തിയിട്ടും ഇല്ലാത്തതാണ്. ഇത് ഗുരുതരമായ വീഴ്ചയായി കാണുന്നു.

2. മുൻ വർഷങ്ങളിലെ വാടക കുടിശ്ശിക ഇനത്തിൽ 3,08,683/- രൂപയുമാണ് വരവായി ലഭിച്ചിട്ടുള്ളത്. എന്നാൽ 2021-22 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക കുടിശ്ശിക 73,609/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**1-14-5 കടമുറികൾ വാടകയ്ക്ക് എടുത്തതിന്ശേഷം കൂടിയവാടകയ്ക്ക് മറ്റുള്ളവർക്ക് കടമുറികൾ നൽകുന്നു.**

രജിസ്റ്റർ പ്രകാരം കടമുറി നമ്പർ 21 വാടകയ്ക്ക് മാസവാടക 2948/- രൂപയ്ക്ക് എടുത്തിട്ടുള്ളത് എം.പി.സിദ്ദിഖ്, മാത്തിപറമ്പിൽ, ചെറുകര എന്നവരാണ്. എന്നാൽ കടമുറി പരിശോധിച്ചതിൽ നിലവിൽ കട നടത്തുന്നത് അബൂബക്കർ എന്നവർ ആണെന്നും യഥാർത്ഥ വാടകക്കാരനായ എം.പി.സിദ്ദിഖ് എന്നവരിൽ നിന്നും 300/- രൂപ ദിവസവാടകയ്ക്ക് (മാസവാടക 9000/-) കട ഏറ്റെടുത്തിരിക്കുകയാണ് എന്നും ബോധ്യപ്പെട്ടു. മുനിസിപ്പൽ ചട്ടപ്രകാരം നഗരസഭയുടെ ആസ്തികൾ ലേലത്തിൽ പിടിച്ചിട്ടുള്ള വ്യക്തികൾക്ക് ആയത് വീണ്ടും ലേലം നടത്തുന്നതിന് വ്യവസ്ഥകൾ ഇല്ല. ആയതിനാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഗുരുതരമായ ചട്ടലംഘനമായി കണക്കാക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് 22/23.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-15 ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു.**

മണ്ണാർക്കാട് നഗരസഭ ബസ് സ്റ്റാൻഡിലെ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സ്മാരക ഷോപ്പിംഗ് കോംപ്ലക്സിലെ താഴത്തെ നിലയിൽ 6 കടമുറികളും മുകളിലത്തെ നിലയിൽ 7 കടമുറികളും ഉൾപ്പെടെ 13 കടമുറികൾക്ക് ( കെട്ടിട നമ്പർ 3/410(1) മുതൽ 3/410(13) വരെ)പി.ഡബ്ല്യൂ. നിരക്കിൽ വാടകനിശ്ചയിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ പരിശോധിച്ചതിൽ രണ്ട് കടമുറികൾ മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. 11 കടമുറികളും ഒഴിഞ്ഞ് കിടക്കുന്നതായി കാണുന്നു. മുൻവർഷങ്ങളിലും ഇവ വാടകയ്ക്ക് നൽകിയിട്ടില്ലാത്തതാണ്. മാത്രമല്ല കടമുറികളുടെ ഇലക്ട്രിഫിക്കേഷൻ പണികൾ നാളിതുവരെയും പൂർത്തിയായിട്ടില്ല. കെട്ടിടത്തിൽ പണികൾ പൂർത്തീകരിച്ച് രണ്ട് വർഷത്തിലേറെയായിട്ടും ഇതുവരെയായും കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയോ എല്ലാ മുറികളും വാടകയ്ക്ക് നൽകുന്നതിനോ

സാധിച്ചിട്ടില്ല എന്നത് നഗരസഭയുടെ വീഴ്ചയായി കണക്കാക്കുന്നു. ഇതിൻമൂലം വാടക ഇനത്തിൽ നഗരസഭയ്ക്ക് വൻനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (22/23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 നഗരസഭയുടെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിറ്റ്സ് പരിശോധന നടത്തിയതിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. നികുതി-നികുതിയേതര വരുമാനങ്ങളിൽ വലിയ തുക കുടിശ്ശികയുണ്ട്. എന്നാൽ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല.

നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ വാർഡ് സഭകളിൽ നിലവിൽ നടത്തി വരുന്നില്ല. വരവ് ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയോ ഡിസിബി വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. രജിസ്റ്ററുകളും രേഖകളും കൃത്യമായി പരിപാലിക്കുന്നതിൽ നഗരസഭ അലംഭാവം പ്രകടിപ്പിച്ചിട്ടുണ്ട്.

വസ്തുനികുതി

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പരിഷ്കരിച്ചത് ഭരണസമിതി അംഗീകാരത്തോടെ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

01.04.2024 മുതൽ നഗരസഭകൾ കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരുന്നതിനാൽ വസ്തുനികുതി പരിശോധിക്കുന്നതിന് ഓഡിറ്റ് കാലയളവിൽ സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാൻ സാധിച്ചില്ല. സഞ്ചയ സോഫ്റ്റ്‌വെയർ ഓപ്പൺ ചെയ്യാൻ സാധിക്കാത്തതിനാൽ വസ്തുനികുതി സംബന്ധിച്ച് സോഫ്റ്റ്‌വെയറിൽ ഉള്ള വസ്തുതകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

സേവന ഉപനികുതി

നിലവിൽ നഗരസഭ സേവന ഉപനികുതി പിരിച്ചെടുക്കുന്നില്ല.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയ തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വിനോദനികുതി

നഗരസഭ പരിധിയിലുള്ള തിയേറ്ററുകളിൽ നിന്നുള്ള വിനോദനികുതി പിരിവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. ജി.എസ്.ടി റിട്ടേണിന്റെ പകർപ്പ് ലഭ്യമാക്കാത്തതിനാൽ ഈടാക്കിയ നികുതിയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് റൂൾസ് 2016 പ്രകാരം 1962 ലെ ചട്ടങ്ങളിലെ പാർട്ട് V A യിൽ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിനോടൊപ്പം മാസാവസാനം ഫോറം നം.VIII A യിലുള്ള റിട്ടേണും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്, എന്നാൽ ആയത് നാളിതുവരെ ഹാജരാക്കിയിട്ടില്ല.

## 1-17 പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ 2019 (ജി.ഒ.പി. നം. 77/2019/തസ്വഭവ തീയതി

02.11.2019) ചട്ടം 21 പ്രകാരം രണ്ടുനില വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ.വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, മതസ്ഥാപനകെട്ടിടങ്ങൾ, G1, G2,I ഒക്കുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾ ഒഴികെയുള്ളവയുടെ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സെക്രട്ടറി നടത്തേണ്ടതാണ്. ചട്ടം 21(2) പ്രകാരം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2വർഷത്തിനുശേഷം ഓഡിറ്റ് നടത്താവുന്നതാണ്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഒക്കുപ്പൻസി ലഭ്യമായതിനുശേഷം പല നിയമലംഘനങ്ങളും നടക്കുന്നുണ്ട്. പാർക്കിംഗിന് ലഭ്യമായ സ്ഥലം അടച്ചുകെട്ടി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തോട് അനുബന്ധിച്ച് പല കൂട്ടിച്ചേർക്കലുകളും വരുത്തുക തുടങ്ങിയ നിയമലംഘനങ്ങളും കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സഹായകരമാകും. ഇത് സ്ഥാപനത്തിന് വസ്തുനികുതി ഇനത്തിൽ വരുമാനവർദ്ധനവിനും കാരണമാകും. നഗരസഭ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് (എൻക്വയറി നമ്പർ- 36, തിയതി. 25.01.24) മറുപടി ലഭ്യമാക്കിയില്ല. പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തി വസ്തുനികുതി വരവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-18 വസ്തുനികുതി പിരിവിൽ കാര്യക്ഷമതയില്ല-ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു

നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ് വസ്തുനികുതി. എന്നാൽ ഈയിനത്തിലുള്ള വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ യാതൊരു നടപടികളും നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടാവുന്നില്ല. തൻമൂലം നികുതി വരുമാനത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ടുപോകുന്നതിനും ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നതിനും ഇടയാക്കുന്നു. മുനിസിപ്പാലിറ്റിയിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ്, ലൈബ്രറി സെസ്സ് കുടിശ്ശികയിനത്തിൽ വാർഷിക ധനകാര്യ പത്രിക B-15 പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെ പറയുന്ന തുക കുടിശ്ശികയായി കാണുന്നു.

വസ്തുനികുതി (അരിയർ)- 3,75,37,886/-

വസ്തുനികുതി (തൻ വർഷം)- 75,67,070/-

ആകെ- 4,51,04,956/-

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ടതായ ഏതെങ്കിലും തുകയുടെ കാര്യത്തിൽ മൂന്ന് വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ നടത്തുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ഏതെങ്കിലും തുക നഷ്ടപ്പെട്ടു പോവുകയാണെങ്കിൽ വകുപ്പ് 539(2) പ്രകാരം പ്രസ്തുത തുകയും 12% പലിശയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കൽപ്പിക്കപ്പെടാവുന്നതാണ്.

മേൽ സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-19 ബസ് സ്റ്റാന്റ് ഫീസ് പിരിവ് – വരവിനത്തിൽ നഷ്ടം

2022-23 വർഷം ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിൽ എടുക്കാൻ ആളില്ലാത്തതിനാൽ ഫീസ് നേരിട്ട് പിരിക്കുന്നതിനായി റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും ഫീ പിരിക്കുന്നതിനായി ദിവസ വേതനത്തിന് (ദിവസം 675/- രൂപ നിരക്കിൽ വേതനം) ശ്രീ.അബ്ദുൾ നാസർ എന്നവരെ 2022 ജൂലായ് മാസം മുതൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ദിവസം 1360/- രൂപയാണ് ഫീസ് പിരിച്ച് മുനിസിപ്പാലിറ്റിയിൽ അടവാക്കുന്നത്. ഇതിൽ 675/- രൂപ വേതനമായും നൽകുന്നു. ബാക്കി 685/- രൂപ മാത്രമാണ് മുനിസിപ്പാലിറ്റിക്ക് വരുമാനമായി ലഭിക്കുന്നത്.

2022 ജൂലായ് മുതൽ 2023 മാർച്ച് വരെ 1,84,950/- രൂപ ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിന് ദിവസ വേതനമായി നൽകിയിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിലെ വരവ് 3,56,841/- രൂപയാണ്. ഇവയിൽ നിന്നും ദിവസവേതനം നൽകിയ തുക കുറച്ചാൽ യഥാർത്ഥത്തിൽ മുനിസിപ്പാലിറ്റിയുടെ വരവ് 1,71,891/- (356841-184950 = 171891/-) രൂപ മാത്രമാണ്.

1. 2019-20 വർഷത്തിൽ ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിലൂടെ നഗരസഭയ്ക്ക് 3,39,000/- രൂപയുടെ വരവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 2022-23 വർഷം ഇത് 1,71,891/- രൂപയായി കുറഞ്ഞിട്ടുണ്ട്.

2. ബസ് സ്റ്റാന്റിൽ പ്രവേശിക്കുന്ന ബസുകളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. ഫീസ് പിരിക്കുന്നതിനായുള്ള നഗരസഭയുടെ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ പിരിവ് തുകയുടെ കൃത്യതയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.2022 ജൂലായ് മാസം മുതൽ ഫീസ് പിരിച്ചതിന്റെ വിവരങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 2022 ഏപ്രിൽ മുതൽ ജൂൺ വരെ ബസ് സ്റ്റാന്റ് ഫീസ് പിരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/25.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-20 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003 ലെ കേരള മുനിസിപ്പലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്കും, നഗരസഭാ പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭകൾക്കും നഗരസഭ കൌൺസിലിന്റെ ഒരു പ്രമേയം മൂലം നഗരസഭാ ഫണ്ടിൽ പ്രത്യേകം വരവ് വെച്ച് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മണ്ണാർക്കാട് നഗരസഭയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച രസീതികൾ, രജിസ്റ്റർ, വരവ് ചെലവ് കണക്കുകൾ തുടങ്ങിയവ ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/23.01.24) മറുപടിയായി നഗരസഭയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ചട്ട പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-21 എ ബി സി പ്രോജക്ട്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് - നം.189/23, എ ബി സി പ്രോജക്ട്
നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ
അടങ്കൽ - ₹500000 ( വികസന ഫണ്ട് ജനറൽ)
ചെലവ് -₹ 500000
BRN / തീയതി - 22210347001300685463/ 20-10-22

മേൽ പ്രോജക്ട് പ്രകാരം നഗരസഭാ പരിധിയിലെ തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിനുള്ള എ ബി സി പ്രോഗ്രാമിന്റെ നടത്തിപ്പിനായി 500000 രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. (A/C No. 799011400002200). തുകയുടെ വിനിയോഗ വിവരം ഫയലിൽ ലഭ്യമല്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന്റെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/12-01-24 ന്റെ മറുപടിയിൽ പാലക്കാട് ജില്ലാപഞ്ചായത്ത് നടപ്പാക്കുന്ന പ്രസ്തുത പദ്ധതി നിർവ്വഹണ ഘട്ടത്തിലാണെന്നും പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ജില്ലാപഞ്ചായത്തിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-22 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട്- നം.176/23, കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ - ₹625000 (312500- വികസന ഫണ്ട് ജനറൽ, 312500- ഗുണഭോക്തൃ വിഹിതം)

ചെലവ് - ₹312500(വികസന ഫണ്ട് ജനറൽ)

BRN/ തീയതി - 2221034700130136641l/ 15-03-23

മേൽ പ്രോജക്ട് മുഖേന 25 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി 312500 രൂപ (25x12500) Calf Feed Subsidy Programmeഅസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അക്കൗണ്ട് നം.714021400000008. തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/12-01-24) പദ്ധതി ഇപ്പോൾ നിർവ്വഹണ ഘട്ടത്തിലാണെന്നും പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടി തന്നിട്ടുണ്ട്.

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-23 വീടുകൾ വാസയോഗ്യമാക്കൽ- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

പ്രോജക്ട് - നം.197/23, വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

അടങ്കൽ - ₹3750000 (2100000- വികസന ഫണ്ട് ജനറൽ, 165000- തനത് ഫണ്ട്)

ചെലവ് -₹ 887500 (വികസന ഫണ്ട് ജനറൽ)

ബിൽ നം./തീയതി - 18/16-03-23 - ₹725000

23/28-03-23 - ₹162500

ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് 25000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടത്. രണ്ട് ഗഡുക്കളായാണ് തുക അനുവദിച്ചിട്ടുള്ളത്. 69 ഗുണഭോക്താക്കൾ തൻവർഷം ധനസഹായം കൈപ്പറ്റിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു ആയി 12500 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ജാസ്മിന, കക്കാട് വീട്, വടക്കുമണ്ണം |
| 2 | സൈനബ.ഇ, ആക്കപറമ്പിൽ, വടക്കുമണ്ണം |
| 3 | ലൈല.കെ, വി.എം റോഡ്, മണ്ണാർക്കാട് |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ വീട് റിപ്പയർ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.12/19-01-24) മറുപടിയിൽ മേൽ പറഞ്ഞ ഗുണഭോക്താക്കൾ നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും എന്നാൽ രണ്ടാം ഗഡുവിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതും അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് വാല്വേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക അനുവദിക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 അംബേദ്കർ കോളനിയിലെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - പ്രോജക്ട് ആസൂത്രണത്തിലെ അപാകങ്ങൾ

പ്രോജക്ട്- നം.200/23, അംബേദ്കർ കോളനിയിലെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

അടങ്കൽ -₹2400000(വികസന ഫണ്ട് SCP)

ചെലവ് - ₹969794

ബിൽ നം. 15/22-02-23 – ₹440000

25/29-03-23 – ₹529794

അംബേദ്കർ കോളനിയിലെ 2 ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ള എസ്.സി കുടുംബങ്ങൾക്ക് വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് 1 ഗുണഭോക്താവിന് 150000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനും പദ്ധതി നിർമ്മിതി കേന്ദ്ര എന്ന ഏജൻസി മുഖേന നടത്തുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. 17-10-2022 ലെ 14-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം അംബേദ്കർ കോളനിയിലെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ എന്ന പ്രോജക്ട് ഭേദഗതി ചെയ്യുന്നതിനും കോളനിക്ക് സർക്കാർ അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്ര നിർവ്വഹിക്കുന്നതിനാൽ പ്രസ്തുത പദ്ധതിയും അക്രഡിറ്റഡ് ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്ര യെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 31-12-2022 ലെ കൗൺസിൽ തീരുമാനം നം.8 പ്രകാരം കോളനിയിൽ 22 കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണ പദ്ധതി & സ്ട്രീറ്റ് ലൈറ്റ് സപ്ലൈ ചെയ്യുന്നതിനുള്ള നിർമ്മിതി കേന്ദ്രയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. 22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണ് അംഗീകരിച്ചിട്ടുള്ളത്. പ്രോജക്ടിൽ നിർവ്വഹണ രീതി അക്രഡിറ്റഡ് ഏജൻസി - നിർമ്മിതി കേന്ദ്ര എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിർമ്മിതി കേന്ദ്രയെ പി.എം.സി ആയിട്ടാണോ നോൺ പി.എം.സി ആയിട്ടാണോ നിർവ്വഹണം ഏൽപ്പിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. 08-12-2022 ലെ നം. 82/2022-23/ Nirmithi പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനും പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്ര മെമ്പർ സെക്രട്ടറിയും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20% തുക മുൻകൂർ ആയി ഏജൻസിക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 440000 രൂപ അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. പാർട്ട് ബില്ലിലെ ബാക്കി തുകയായ 529794 രൂപ ഉൾപ്പെടെ ആകെ 969794 രൂപ തൻവർഷം ഏജൻസിക്ക് നൽകിയിട്ടുണ്ട്. മേൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം. 104/2022/ഫിൻ തീയതി.02-09-2022 പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്ര, പാലക്കാട്-ന് ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്ടീവ് പ്രവൃത്തികൾ നോൺ പി.എം.സി ആയിട്ടും പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ പി.എം.സി ആയിട്ടും നിർവ്വഹിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. ആയതനുസരിച്ച് കോസ്റ്റ് എഫക്ടീവ് നിർമ്മാണ പ്രവൃത്തികളാണ് പ്രസ്തുത ഏജൻസിയെ നോൺ പി.എം.സി ആയി ഏൽപിക്കാവുന്നത്. മേൽ പ്രോജക്ട് പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രവൃത്തി നിർമ്മിതി കേന്ദ്രയെ നോൺ പി.എം.സി ആയി ഏൽപിച്ചതായാണ് രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നത്. വീട് റിപ്പയർ പ്രവൃത്തി പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുന്നതിനാൽ ബിഡിംഗിലൂടെ പി.എം.സി ആയി അക്രഡറ്റഡ് ഏജൻസിയെ ഏൽപിക്കുകയാരുന്നു ചെയ്യുന്നതിന് പകരം പ്രവൃത്തി നിർമ്മിതി കേന്ദ്രയെ നോൺ പി.എം.സി ആയി നേരിട്ട് ഏൽപിക്കുകയാണ് ചെയ്തിട്ടുള്ളത്.

2. കോളനിയിലെ വീടുകൾ വാസയോഗ്യമാക്കൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ഭവന പുനരുദ്ധാരണവും സ്ട്രീറ്റ് ലൈറ്റുകൾ സപ്ലൈ ചെയ്യലും എന്നീ പ്രവൃത്തികളാണ് 2200000 രൂപ എസ്റ്റിമേറ്റ് നിരക്കിൽ നിർമ്മിതി കേന്ദ്രയെ നേരിട്ട് ഏൽപിച്ചിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾക്ക് അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ഏജൻസിയെ സ്ട്രീറ്റ് ലൈറ്റ് വിതരണം ചെയ്യുന്ന പ്രവൃത്തി ഏൽപിച്ചതിന്റെ കാരണം വ്യക്തമല്ല.

മേൽ പറഞ്ഞ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/20-01-24) സ.ഉ(പി)നം. 104/2022/ഫിൻ തീയതി.02-09-2022 പ്രകാരം പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രയ്ക്ക് അവരുടെ പ്രവർത്തനമേഖലയിൽ നോൺ പി.എം.സി ആയും പി.എം.സി ആയും അക്രഡിറ്റേഷൻ ഉള്ളതിനാലും 17-10-23 ലെ കൗൺസിൽ തീരുമാനം നം.14 പ്രകാരം പ്രവൃത്തി നിർമ്മിതി കേന്ദ്രയെ ഏൽപ്പിക്കുവാൻ തീരുമാനിച്ചതിനാലും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതിനാലും ആണ് നിർമ്മിതി കേന്ദ്രയെ ഏൽപ്പിച്ചത് എന്നാണ് മറുപടി ലഭ്യമാക്കിയത്. സ്ട്രീറ്റ് ലൈറ്റ് ഒന്നിച്ചുള്ള അനുബന്ധ എസ്റ്റിമേറ്റ് ആയതിനാലാണ് പ്രസ്തുത പ്രവൃത്തിയും നിർമ്മിതി കേന്ദ്രയെ ഏൽപ്പിച്ചത് എന്നും അറിയിച്ചിട്ടുണ്ട്.

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുമ്പോൾ ഏതു മേഖലയിലാണ് പ്രസ്തുത ഏജൻസിക്ക്

അക്രഡിറ്റേഷൻ ഉള്ളതെന്നും പി.എം.സി ആയാണോ നോൺ പി.എം.സി ആയാണോ അക്രഡിറ്റേഷൻ എന്നും ഉറപ്പു വരുത്തിയതിനു ശേഷം മാത്രം പ്രവൃത്തികൾ ഏൽപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനം

സ.ഉ(സാധാ) നം.2420/2017/തസ്വഭവ തി.15-07-2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കേണ്ട ഹരിതകർമ്മസേനയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും സ.ഉ(സാധാ) നം.1496/2020/തസ്വഭവ തി.12-08-2020 പ്രകാരം ഹരിതകർമ്മസേന-പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുള്ളതാണ്. നഗരസഭയിലെ മാലിന്യസംസ്കരണ സംവിധാനം വിലയിരുത്തുന്നതിന്റെ ഭാഗമായി ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട ഫയൽ (H1 14040/2018) പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

22-01-22 ലെ കൗൺസിൽ തീരുമാനം നം. 1 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനം ഉൾപ്പെടെയുള്ള മാലിന്യ സംസ്കരണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി സ്വകാര്യ ഏജൻസികളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 19-03-22 കൗൺസിൽ തീരുമാനം നം.19 പ്രകാരം DJS Ecofriendly Solutions, മലപ്പുറം എന്ന സ്റ്റാർട്ടപ്പ് സംരംഭത്തിന്റെ താൽപര്യപത്രം അംഗീകരിക്കുന്നതിനും 50000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കിക്കൊണ്ട് ഒരു വർഷത്തേക്ക് കരാറിൽ ഏർപ്പെടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ മാലിന്യ സംസ്കരണത്തിന്റെ നടത്തിപ്പ് 04-04-2022 മുതൽ രണ്ട് വർഷത്തേക്ക് പ്രസ്തുത ഏജൻസിയെ ഏൽപിച്ചുകൊണ്ട് ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ നഗരസഭാ പരിധിയിലെ വീടുകളിലെയും സ്ഥാപനങ്ങളിലെയും അജൈവ മാലിന്യം ശേഖരിക്കലും നീക്കം ചെയ്യലും യൂസർ ഫീ പിരിക്കലും അടക്കം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് പ്രസ്തുത ഏജൻസിയാണ്. യൂസർ ഫീ മുഖേനയുള്ള വരവും അജൈവ മാലിന്യം കയ്യൊഴിക്കുന്നതുവഴിയുള്ള വരവും എല്ലാം പ്രസ്തുത ഏജൻസിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഹരിതകർമ്മസേനാംഗങ്ങളുടെ വേതനം ഏജൻസി നൽകുകയുമാണ് ചെയ്യുന്നത്.

സ.ഉ(സാധാ) നം.2420/2017/തസ്വഭവ തി.15-07-2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഹരിതകർമ്മസേനയായി പ്രവർത്തിക്കുന്നതിന് പ്രാദേശികമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന കുടുംബശ്രീ - സ്വയം സഹായ സംഘമൊന്നും ഇല്ലാത്തപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതി നേരിട്ട് താത്പര്യപത്രം ക്ഷണിച്ച് യോഗ്യതയുള്ള ഏജൻസിയെ (പ്രാദേശിക സംരംഭകരെയോ സർക്കാരിതര സംഘടനകളെയോ) കണ്ടെത്തി ഹരിതകർമ്മസേനയായി ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നിയോഗിക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 20-01-2020 മുതൽ കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെട്ട ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഹരിതകർമ്മസേനയെ ഏറ്റെടുത്ത് നടപ്പാക്കുന്നതിനായിട്ടാണ് ഒരു സ്വകാര്യ ഏജൻസിയെ ഏൽപിച്ചിട്ടുള്ളത്. ആയതിന്റെ സാഹചര്യം വ്യക്തമാക്കുന്നതിനും DJS Ecofriendly Solutions എന്ന സ്ഥാപനം നടപ്പാക്കുന്ന നഗരസഭയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ/നടപടികളുടെ വിവരം, സ്ഥാപനം വരവ് ചെലവ് കണക്ക്, പ്രവർത്തന റിപ്പോർട്ട് എന്നിവ നിശ്ചിത ഇടവേളകളിൽ നഗരസഭയിൽ സമർപ്പിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം. 33/24-01-24) മറുപടിയിലെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നഗരസഭയിലെ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കുടുംബശ്രീ മുഖേന 2019-20 കാലഘട്ടത്തിൽ പ്രവർത്തനമാരംഭിച്ചതിൽ 46 പേർക്ക് ട്രെയിനിംഗ് നൽകുകയും അതിൽ 26 പേർ തുടക്കത്തിൽ ജോലിക്ക് ഹാജരാകുകയും തുടർന്നും അംഗങ്ങൾ കൊഴിഞ്ഞുപോയി 17 അംഗങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത് എന്നറിയിച്ചിട്ടുണ്ട്. ഈ അംഗങ്ങൾക്ക് പ്രതിദിനം 200 രൂപയിൽ കുറവ് വേതനമാണ് ലഭിച്ചിരുന്നതെന്നും ഇക്കാരണത്താൽ പുതിയതായി ഹരിതകർമ്മസേനയിലേക്ക് ആളുകളെ ലഭിക്കാത്ത സാഹചര്യമാണുണ്ടായിരുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. 29 വാർഡുകളിലായി 8000 ൽ അധികം വീടുകളും 1400 ൽ അധികം സ്ഥാപനങ്ങളുമുള്ള നഗരസഭയുടെ മാലിന്യ സംസ്കരണം ശരിയായ രീതിയിൽ നടത്താൻ കഴിയാത്ത സാഹചര്യമാണുണ്ടായിരുന്നതെന്നും 2000 ൽ താഴെ വീടുകളും 200 ൽ താഴെ സ്ഥാപനങ്ങളും

മാത്രമാണ് യൂസർ ഫീ നൽകിയിരുന്നതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നഗരസഭ കൗൺസിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി തീരുമാനപ്രകാരം മേൽ പരാമർശിത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഏജൻസികളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ച് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏജൻസിയെ ഏൽപ്പിക്കുകയാണുണ്ടായത് എന്നറിയിച്ചിട്ടുണ്ട്. തിരസ്കൃത മാലിന്യം നീക്കം ചെയ്യുന്നതും കിലോഗ്രാമിന് 5.80 രൂപ നിരക്കിൽ ഏജൻസി നിർവ്വഹിക്കണം എന്നുമുള്ള വ്യവസ്ഥ ഉൾപ്പെടെയാണ് കരാറിലേർപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ 44 ഹരിതകർമ്മസേനാംഗങ്ങളും ഏജൻസിയുടെ കോ ഓർഡിനേറ്ററും ഉൾപ്പെടെ 45 അംഗങ്ങളാണുള്ളതെന്നും ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രതിമാസം 10000 രൂപയിലധികം വേതനം നൽകിവരുന്നുണ്ടെന്നും 1200 സ്ഥാപനങ്ങളിൽ നിന്നും 85 ശതമാനത്തിലധികം വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് യൂസർ ഫീ ലഭിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൗൺസിൽ തീരുമാനിച്ചിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കരാറിലെ 9-ാം നമ്പർ വ്യവസ്ഥ പ്രകാരം നഗരസഭ ഉദ്യോഗസ്ഥർക്ക് മാലിന്യ സംസ്കരണ ശാലയിൽ പ്രവേശിച്ച് പരിശോധന നടത്തുന്നതിന് അധികാരം നൽകിയിട്ടുള്ളതാണ് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

DJS Ecofriendly Solutions, Malappuram എന്ന ഏജൻസി മുഖേന നഗരസഭയിൽ നടപ്പാക്കുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ വിലയിരുത്തേണ്ടതും പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കി വരുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതും അജൈവ മാലിന്യം യഥാസമയം നീക്കം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-26 വാഹനം കണ്ടം ചെയ്ത് തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടികളെടുക്കേണ്ടതാണ്

മണ്ണാർക്കാട് നഗരസഭാ സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള KL5-5093എന്ന രജിസ്റ്ററേഷൻ നമ്പറിലുള്ള MAHENDRA MAXX FESTARA 2WD 2008 എന്ന വാഹനത്തിന് 06.05.23 തിയ്യതിയിലെ എക്സിക്യൂട്ടീവ് എൻജിനിയർ PWD മെക്കാനിക്കൽ ഡിവിഷൻ കോഴിക്കോടിന്റെ നം ഡി.ബി37/2023-24(UE)5093 അനുസരിച്ച് വാഹനത്തിന്റെ നിലവിലെ അവസ്ഥ നിർമ്മിച്ച വർഷം ,മേക്ക് എന്നിവ പരിഗണിച്ച് അറ്റകുറ്റപണി ചെയ്ത് ഉപയോഗിക്കുന്നത് സർക്കാരിന് ആദായകരമല്ലെന്ന് സാക്ഷ്യപെടുത്തിയിരിക്കുന്നു.തുടർന്ന് 24.05.23 തിയ്യതിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ PWD മെക്കാനിക്കൽ ഡിവിഷൻ കോഴിക്കോടിന്റെ നം ഡി3/SR/Corpotion 5093 വാല്വേഷൻ പ്രകാരം വാഹനത്തിന്റെ മൂല്യം 51600/-നിർണ്ണയിച്ചിട്ടുണ്ട്. 29.07.2023 തിയയ്യിയിലെ 19ാം നമ്പർ തീരുമാന പ്രകാരം വാഹനം കണ്ടം ചെയ്യുന്നതിനുള്ള ലേല നടപടികൾ സ്വീകരിക്കാൻ അസിസ്റ്റന്റ് എൻജിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാഹനം കണ്ടം ചെയ്യാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/19.01.24)മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർനടപടി സ്വീകരിച്ച് തുക തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-27 തെരുവുവിളക്ക് പരിപാലനം-അവലോകനം

തൻ വർഷത്തെ മണ്ണാർക്കാട് മുൻസിപ്പാലിറ്റിയുടെ തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട നഗരസഭയിൽ നടത്തിയ ചെലവുകൾ സംബന്ധിച്ച അവലോകനം താഴെ കൊടുക്കുന്നു.

### 1-27-1 തെരുവുവിളക്ക് പരിപാലനം- അടിസ്ഥാന വസ്തുതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 30(1), പ്രകാരമുള്ള ഒന്നാം പട്ടിക (അനിവാര്യ ചുമതലകൾ) സെക്ഷൻ 316 എന്നിവ പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും നഗരസഭകളുടെ അനിവാര്യ ചുമതലയാണ്. നഗരസഭയിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ) തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്ജ്**

വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ മണ്ണാർക്കാട്, കുമരംപുത്തൂർ, തച്ചമ്പാറ ഇലക്ട്രിക്കൽ സെക്ഷനു 7642088.00 രൂപ അടവാക്കിയിട്ടുണ്ട്.

**ബി) തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്**

സാധന സാമഗ്രികൾ വാങ്ങുവാനും, ലൈൻ വലിക്കുന്നതിനും, അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 28/23(so)വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 897000/ | വികസന ഫണ്ട് ജനറൽ |
| 2 | 32/23(SO)മുൻസിപ്പൽ ബസ്സ് സ്റ്റാന്റിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | 299000/- | വികസന ഫണ്ട് ജനറൽ |
| 3 | 33/23(SO)നാഷണൽ ഹൈവേയിൽ തെരുവിളക്ക് സ്ഥാപിക്കൽ | 493900/- | വികസന ഫണ്ട് ജനറൽ |
| 4 | 280/23മിനിമാസ്റ്റ് ലൈറ്റ് / ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ- | 1000000/- | തനതുഫണ്ട് |
| 5 | 42/23വിവിധ വാർഡുകളിൽ LEDസ്ട്രീറ്റ്ലൈറ്റ്ലറ്റ് സ്ഥാപിക്കൽ | 1689600.00 | വികസന ഫണ്ട് ജനറൽ CFC |
| 6 | 34/23തെരുവുവിളക്ക് റിപ്പയർ | 760132.00 | CFC |
| 7 | 43/23ആണ്ടിപ്പാടം യത്തീംഖാന കുളം റോഡിൽ പോസ്റ്റ് സ്ഥാപിക്കൽ | 42119 | തനതുഫണ്ട് |
| 8 | 294/23 വിവധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ പോസ്റ്റ് സ്ഥാപിക്കൽ | 139426 | തനതുഫണ്ട് |
| | | 5321177 | |

തെരുവുവിളക്ക പരിപാലനം നഗരസഭയുടെ അടിസ്ഥാന ചുമതലയാണെന്നിരിക്കെ തെരുവുവിളക്ക് വൈദ്യുതി ചാർജിനത്തിലും തെരുവു വിളക്ക പരിപാലനവുമായി ബന്ധപ്പെട്ട റിപ്പയർ, മെയിന്റനൻസ്, എന്നീ ഇനങ്ങൾക്കുമായി നഗരസഭക്ക് വലിയൊരു തുക ചെലവു വരുന്നുണ്ട് . തെരുവുവിളക്ക പരിപാലനം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു

1)ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി യുമായി സംയുക്തപരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിൽതെരുവുവിളക്കുകളുടെ വിവരം നിജപ്പെടുത്തിയിട്ടില്ല

2)തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്.ബി.)നമ്പർ 496/2004 (എൽ.ജി/സി.ഒ .എം.3515/98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി വൈദ്യുതി ചാർജ്ജ് പുനർനിർണ്ണയിച്ചതായി കാണുന്നില്ല. പുതിയ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചതിനനുസരിച്ച് വൈദ്യുത ചാർജ്ജ് കുറവാക്കുന്നതിനും, എല്ലാ തെരുവിളക്കുകളും മീറ്ററിംഗ് ആക്കുന്നതിന് സ്വീകരിച്ച നടപടികൾ സ്വീകരിച്ചു കാണുന്നില്ല

3)വാർഡ് അടിസ്ഥാനത്തിൽ ഏതൊക്കെ ഇനങ്ങളിലുള്ള ബൾബുകളാണ് ഉള്ളതെന്ന് തെരുവുവിളക്ക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/23.01.24) മറുപടി ലഭ്യമാക്കിയില്ല.തെരുവു വിളക്ക് പരിപാലനം കാര്യക്ഷമമാക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

## 1-27-2 തെരുവുവിളക്ക് പരിപാലനം റിപ്പയർ ചെയ്തവയുടെ വിവരങ്ങൾ ലഭ്യമല്ല

പ്രോജക്ട് നം-42/23-വിവിധ വാർഡുകളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ തുക-1708500/- (ഫണ്ട് വികസനഫണ്ട്-1620000+82000 CFC+6500-തനതുഫണ്ട്)

ചെലവ് തുക-1689600/-

1620000- ബിൽ നം.74/18.10.22-300960(വികസന ഫണ്ട് ജനറൽ)

81/02.11.22-616800 (വികസന ഫണ്ട് ജനറൽ)

57/06.09.22-702240 (വികസന ഫണ്ട് ജനറൽ)

69600- ബിൽ നം- 82/02.11.22 -69600(CFC)

കരാർ തിയ്യതി-04.08.22

തെരുവുവിളക്ക പരിപാലനത്തിനായി ടെണ്ടർ ക്ഷണിച്ച് 07.06.22ലെ നഗരസഭ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ ഒന്നാം നമ്പർ തീരുമാനം പ്രകാരം കേരള ഇലക്ട്രിക്കൽ ആന്റ് അലൈൻഡ് എൻജിനിയറിംങ്, കുണ്ടറ, കൊല്ലം എന്ന സ്ഥാപനത്തിന് കരാർ ഉറപ്പിച്ച നൽകിയിട്ടുണ്ട്. 1 മുതൽ 29 വരെയുള്ള വാർഡുകളിലായി 192 ബൾബുകൾ മാറ്റിതായി സ്ഥാപനം ബിൽ നൽകിയിട്ടുണ്ട്. അതിൽ 163എണ്ണം മാറ്റിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. താഴെപറയുന്ന ഇനങ്ങളിലുള്ള ബൾബുകൾ/ ട്യൂബുകൾ ആണ് ലഭ്യമാക്കിയിരിക്കുന്നത്.

| ക്രമ നം | നൽകിയ തുക | ഇൻവോയ്സ് നം | ലഭ്യമാക്കിയ ഇനം |
|---|---|---|---|
| 1 | 300960 | - | - |
| 2 | 616800+69600= 686400 | 258/15.10.22 | 1) LED Street Light100W-78എണ്ണം |
| 3 | 702240 | 97/03.09.22 | 1) LED Street Light100W-114എണ്ണം<br>2)CLAMP 114എണ്ണം<br>3)NUT & BOLT 114എണ്ണം |
| | 1689600 | | |

മേൽ സൂചിപ്പിച്ച പ്രൊജക്ട് നിർവഹണം സംബന്ധിച്ച് താഴെ പറയുന്ന വിഷയങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

1) നൽകിയ തുകയിൽ ക്രമ നമ്പർ 1 പ്രകാരം KEL ന നൽകിയ തുകക്കുള്ള സ്ട്രീറ്റ് ലൈറ്റുകൾ ലഭ്യമായിട്ടില്ല. ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ രേഖാമൂലം ഓഡിറ്റിന ലഭ്യമാക്കിയിട്ടില്ല.

2)ക്രമ നം 2,3 പ്രകാരം ലഭ്യമാക്കിയ ബില്ലുകൾ അനുസരിച്ചുള്ള ബൾബുകൾ ബാലൻസ് ഉള്ളതായി കാണുന്നു. ലഭ്യമാക്കിയ തെരുവുവിളക്കുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

3).കെ.എസ്.ഇ.ബി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

4) ആകെ നൽകിയ തുകയിൽ (1689600/-) 1388640 /-രൂപയുടെ ബില്ലുകളാണ് ലഭ്യമാക്കിയിരിക്കുന്നത്. ബാലൻസ് തുകക്കുള്ള 300960/-തെരുവുവിളക്കുകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾക്കുള്ള മറുപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(32/24.01.24)മറുപടി ലഭ്യമായില്ല. ചെലവു രേഖകൾ ലഭ്യമാകുന്നതുവരെ തുക300960/-തടസ്സപ്പെടുത്തുന്നു.

## 1-27-3 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ പോസ്റ്റ് സ്ഥാപിക്കൽ, സ്ട്രീറ്റ് മെയിൻ വലിക്കൽ എന്നീ പ്രവത്തികളുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബിയിൽ നിന്ന് ലഭ്യമാക്കിയ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി മണ്ണാർക്കാട് ന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദ വിവരം താഴെ

കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. പ്രൊജക്ട് | പ്രൊജക്ട് അടങ്കൽ | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 43/23 ആണ്ടിപ്പാടം യത്തീംഖാന കുളം റോഡിൽ പോസ്റ്റ് സ്ഥാപിക്കൽ | 50000 തനതുഫണ്ട് | 99/ 13.12.22 | 42119/- | KSEB മണ്ണാർക്കാട് (അക്കൗണ്ട് നം. 67034855495) |
| 2 | 294/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ പോസ്റ്റ് സ്ഥാപിക്കൽ | 225000 തനതുഫണ്ട് | 106/06.01.23 147/23.02.23 | 139426/ (117866/ - + 21560/ -) | KSEB മണ്ണാർക്കാട് (അക്കൗണ്ട് നം. 67034855495) |

മേൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഇലക്ട്രിസിറ്റി ബോർഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമച്ചതായി കാണുന്നില്ല.

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/14.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിപൂർത്തികരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-27-4 അക്രഡിറ്റഡ് ഏജൻസിയായ KEL,SILK മുഖേന തെരുവുവിളക്ക സ്ഥാപിക്കൽ ,റിപ്പയർ പ്രവൃത്തികൾ നടപ്പാക്കൽ**

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തൻ വർഷം തെരുവു വിളക്ക സ്ഥാപിക്കലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. അതു പ്രകാരം കേരള ഇലക്ട്രിക്കൽ അലൈഡ് എൻജിനിയറിംങ്ങ് (KEL) എന്ന സ്ഥാപനത്തിനാണ് തുക നൽകിയിരിക്കുന്നത്.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം/ പ്രൊജക്ട് | അടങ്കൽ | ചെലവ് | ഇൻവോയ്സ് നം |
|---|---|---|---|---|
| 1 | 28/23(ടഛ)വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 900000/ - വികസന ഫണ്ട് ജനറൽ | 897000/ വികസന ഫണ്ട് ജനറൽ ബിൽ നം 109/13.01.23 | PROFORMA INVOICE NO 483/23.03.22 |
| 2 | 32/23(SO)മുൻസിപ്പൽ ബസ്സ് സ്റ്റാന്റിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | 300000/ - വികസന ഫണ്ട് ജനറല് | 299000/- വികസന ഫണ്ട് ജനറൽ ബിൽ നം 110/13.01.2023 | PROFORMA INVOICE NO 482/23.03.22 |
| 3 | 33/23(SO)നാഷണൽ ഹൈവേയിൽ തെരുവിളക്ക് സ്ഥാപിക്കൽ | 500000/ - വികസന ഫണ്ട് ജനറൽ | 493900/- വികസന ഫണ്ട് ജനറൽ ബിൽ നം 108/13.01.23 | TAX INVOICE NO 733/31.03.22 |
| 4 | 280/23മിനിമാസ്റ്റ് ലൈറ്റ് /ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ- | 2000000 തനതു ഫണ്ട്/- | 1000000/- തനതുഫണ്ട് വൗച്ചർ നം | PED/22-23/ R/222 04.02.23 |

| | | | |
|---|---|---|---|
| | | | 22201188/20.03.23 |

ക്രമ നം 1) 'കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി.' എന്ന സ്ഥാപനത്തിൽ നിന്ന് 8 മീ. പോളിൽ 100W*4 എൽ.ഇ.ഡി മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ജി2(എസ്.ഒ)-64/2021-22,തീ. 3.3.22 പ്രകാരം സപ്ളൈ ഓർഡർ ലഭ്യമാക്കിയിട്ടുണ്ട്. KEL ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ 8 മീ. ഉയരമുള്ള 6 പോളുകളിൽ 100wന്റെ 4 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 897000(1*149500)/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 24.2.22ലെ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ 3ാം നം. തീരുമാനപ്രകാരം കെൽ എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ 28.2.22 തിയതിയിലെ 32 നമ്പർ തീരുമാനപ്രകാരം "KEL" എന്ന സ്ഥാപനത്തിൽനിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജി2-(എസ് ഒ)64/2021-22 തീയതി 03.3.22 പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. KEL നിന്നുള്ള വർക്ക് കമ്പ്ളീഷൻ റിപ്പോർട്ട് പ്രകാരം 6 പോളുകളിൽ  മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു.

ക്രമ നം 2) 'കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി.' എന്ന സ്ഥാപനത്തിൽ നിന്ന് 8 മീ. പോളിൽ 100W*4 എൽ.ഇ.ഡി മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ജി2(എസ്.ഒ)-82/2021-22,തീ.10.3.22 പ്രകാരം സപ്ളൈ ഓർഡർ ലഭ്യമാക്കിയിട്ടുണ്ട്. KEL ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ 8 മീ. ഉയരമുള്ള 2 പോളുകളിൽ 100wന്റെ 4 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 299000(1*149500)/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 24.2.22ലെ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ 4-6 നം. തീരുമാനപ്രകാരം കെൽ എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ 28.2.22 തിയതിയിലെ 30 നമ്പർ തീരുമാനപ്രകാരം "KEL" എന്ന സ്ഥാപനത്തിൽനിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജി2-(എസ് ഒ)82/2021-22 തീയതി 10.3.22 പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. KEL നിന്നുള്ള വർക്ക് കമ്പ്ളീഷൻ റിപ്പോർട്ട് പ്രകാരം 2 പോളുകളിൽ  മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു.

ക്രമ നം 3) 'കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് ' എന്ന സ്ഥാപനത്തിൽ നിന്ന് 7 മീ. പോളിൽ 120W*2 എൽ.ഇ.ഡി മിനി മാസ്റ്റ് ലൈറ്റ് നാഷണൽ ഹൈവേയിൽ സ്ഥാപിക്കുന്നതിന് ജി2(എസ്.ഒ)-86/2021-22,തീ.10.3.22 പ്രകാരം സപ്ളൈ ഓർഡർ ലഭ്യമാക്കിയിട്ടുണ്ട്. KEL ലഭ്യമാക്കിയ ക്വട്ടേഷൻ 7 മീ. ഉയരമുള്ള 27 പോളുകളിൽ 120wന്റെ 2 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 2669900/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 24.2.22ലെ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ 2ാം നം. തീരുമാനപ്രകാരം കെൽ എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ 28.2.22 തിയതിയിലെ 31 നമ്പർ തീരുമാനപ്രകാരം "KEL" എന്ന സ്ഥാപനത്തിൽനിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജി2-(എസ് ഒ)86/2021-22 തീയതി 10.3.22 പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. അതു പ്രകാരം 2021-22 ൽ 2176000/- രൂപ നൽകുകയും ബാലൻസ് തുക 493000/-2022-23ൽ സ്പിൽ ഓവർ പ്രൊജക്ട് വച്ച് മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം നൽകിയിട്ടുണ്ട് KEL നിന്നുള്ള വർക്ക് കമ്പ്ളീഷൻ റിപ്പോർട്ട് പ്രകാരം 27 പോളുകളിൽ  മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്

ക്രമ നം 4) മിനിമാസ്റ്റ് ഹൈമാസ്റ്റ് റിപ്പയർ പ്രവൃത്തിക്ക് കുറഞ്ഞ ടെണ്ടർ ക്വാട്ട് ചെയ്ത SILKഎന്ന സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. സ്ഥാപനം ലഭ്യമാക്കിയ എസ്റ്റ്മേറ്റ് പ്രകാരം (SILK/PED/Q-005/2022-23/058,06.04.22) താഴെ പറയുന്ന ലൈറ്റുകൾ റിപ്പയർ ചെയ്യാൻ 1936712.00 തുക നിശ്ചയിച്ചിരിക്കുന്നത് .

LED HIGHMAST LIGHT(2)

LED SOLAR MAST(3No)

LED MINI MAST(14)

SOLAR LED MAST(4)

26.09.22തിയ്യതിയിലെ 18ാം നമ്പർ തീരുമാനം പ്രകാരം പ്രവൃത്തി അംഗീകരിച്ച്29.10.22വർഷം കരാർ

SILKമായി ഒപ്പു വച്ചു.

മേൽ സൂചിപ്പിച്ച പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

എ) സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം 500000രൂപയിലധികം തുക അടങ്കലായുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ ചെയ്യണമെന്ന നിബന്ധന പാലിക്കാതെ മേൽപ്പറഞ്ഞ സ്ഥാപനം മുഖേന മിനി മാസ്റ്റ് ലൈറ്റ് നേരിട്ട് സ്ഥാപിച്ചു. (ക്രമ നം1,3,4)

ബി)കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി. എന്ന സ്ഥാപനത്തിന് നേരിട്ട് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ നിരക്ക് അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല

സി)04-07-2019ലെ G.O.(P)നം. 77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 33 പ്രകാരം KEL എന്ന സ്ഥാപനത്തിന് ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സ് ജനറൽ കൺസ്ട്രക്ഷൻ എന്നിവയിൽ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. KEL എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ KEL ന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു. PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള KEL എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല

ഡി) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവ് നം.HD/489/2018തീയതി 26.6.2018 പ്രകാരം 10 ലക്ഷം വരെയുള്ള ഇലക്ട്രിക്കൽ പ്രവർത്തികളുടെ ചെക്ക് മെഷർമെന്റ് ബില്ലുകൾക്ക് അനുമതി നൽകൽ എന്നിവക്ക് ജില്ലാതല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വാലുേഷൻ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇ)മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതായി കെ എസ് ഇ ബി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

എഫ് ) മിനി മാസ്റ്റ് ലൈറ്റ് തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ലൈറ്റുകളുടെ വിശദാംശം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ജി) ക്രമ നമ്പർ 1,2 എന്നിവ പ്രകാരം മിനി മാസ്റ്റ് വാങ്ങിയ ടാക്സ് ഇൻവോയ്സ് ഫയലിൽ ഇല്ല.

എഫ് )ക്രമ നം 4-മിനിമാസ്റ്റ് /ഹൈമാസ്റ്റ് റിപ്പയർ പ്രവൃത്തി SILK ഏറ്റെടുത്തത് സംബന്ധിച്ച്

1)പ്രവൃത്തി പൂർത്തികരിച്ച ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല

2)04-07-2019ലെ G.O.(P)നം. 77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 33 പ്രകാരം സിൽക്ക് എന്ന സ്ഥാപനത്തിന് ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സ് ജനറൽ കൺസ്ട്രക്ഷൻ എന്നിവയിൽ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

3)സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. സിൽക്ക് എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ സിൽക്ക് ന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് അർഹതയില്ല എന്ന് വിലയിരുത്തുന്നു. PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള സിൽക്ക് എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/16.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-28 മാലിന്യ നിക്ഷേപം തടയുന്നതിനുവേണ്ടി മുൻസിപ്പാലിറ്റിയിലെ വിവിധ സ്ഥലങ്ങളിൽ സിസി ടിവി ക്യാമറ സ്ഥാപിക്കൽ-പ്രവൃത്തി പുരോഗതി മോണിറ്റർ ചെയ്തിട്ടില്ല

പ്രൊജക്റ്റ് നം.267/23

അടങ്കൽ-6500000(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് -6500000/-(വൗച്ചർ നം. 22101166/16.3.23)

63 IP IR ബുള്ളറ്റ് ക്യാമറകൾ സ്ഥാപിക്കുന്നതിനായി ധനകാര്യ കമ്മീഷൻ അവാർഡ് നിന്നും തുക വകയിരുത്തി എക്സിക്യൂട്ടീവ് എൻജിനീയർ കേരള പി.ഡബ്ള്യൂ ഇലക്ട്രോണിക്ക് വിഭാഗം, തൃശ്ശൂർ ന്റെ അക്കൗണ്ട് നം 672228474992 (SBI,PARAMEKKAVU TRISSUR) മേൽ സൂചിപ്പിച്ച വൗച്ചർ നം പ്രകാരം തുക കൈമാറിയിട്ടുണ്ട്. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, മണ്ണാർക്കാട്. സബ്ഡിവിഷന്റെ നിർദേശപ്രകാരവും പാലക്കാട് പി ഡബ്ല്യുഡി ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സി. എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും 6500000/-തുക വകയിരുത്തി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ബുള്ളറ്റ് ക്യാമറകൾ സ്ഥാപിക്കാൻ പദ്ധതി ലക്ഷ്യം വച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

- നഗരത്തിന്റെ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര എണ്ണം CCTVകൾ സ്ഥാപിച്ചു എന്നതിന്റെ വിവരം ലഭ്യമല്ല.
- നിലവിൽ ഈ പദ്ധതി പൂർത്തികരണം സംബന്ധിച്ച് മോണിറ്റർ ചെയ്ത വിവരം , സ്ഥാപിച്ച സിസി ടിവി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.
- പി.ഡബ്ള്യ.ഡി യിലേക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അന്വേഷണങ്ങൾക്കുള്ള ഓഡിറ്റ് എൻക്വയറിക്ക് (5/16.01.24) മറുപടി ലഭ്യമാക്കിയതിൽ നിലവിൽ സിസിടിവി സ്ഥാപിക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരികയാണെന്നതിനാൽ പദ്ധതി പൂർത്തികരിച്ചിട്ടില്ല എന്നതാണ്. എക്സിക്യൂട്ടീവ് എൻജിനീയർ കേരള പി.ഡബ്ള്യൂ ഇലക്ട്രോണിക്ക് വിഭാഗം, തൃശ്ശൂരിന് മുൻകൂറായ നൽകിയ തുകക്കുള്ള വിനിയോഗ വിവരം ലഭ്യമാക്കുന്നതോടൊപ്പം പ്രവൃത്തി പുരോഗതി യഥാസമയം മോണിറ്റർ ചെയ്യേണ്ടതാണ്.

## 1-29 ക്ളാസ്സ് റൂം ബിന്നുകൾ, കളക്ടേഴ്സ് സ്കൂൾ പദ്ധതികൾ പ്രകാരം വേസ്റ്റ് ബിൻ വാങ്ങൽ പദ്ധതികൾ- വിതരണവിവരം ലഭ്യമാക്കിയിട്ടില്ല

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി തൻ വർഷം താഴെ പറയുന്ന സ്കൂളുകൾക്ക് വേസ്റ്റ് ബിൻ വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മലപ്പുറം എന്ന അക്രഡിറ്റഡ് ഏജൻസിയുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത് (A/C No 85061011000257) തുക

നൽകിയിരിക്കുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം | 534/23 ക്ലാസ്സ് റൂം ബിന്നുകൾ സ്ഥാപിക്കൽ | 533/23 കളക്ടേഴ്സ് സ്കൂൾ പദ്ധതി |
| അടങ്കൽ | 250000/- ധനകാര്യകമ്മീഷൻ അവാർഡ് | 150000 |
| ചെലവ് | 249500/- ധനകാര്യകമ്മീഷൻ അവാർഡ് | 149500 |
| ബിൽ നം, തിയ്യതി | 244/24.03.23 | 243/24.03.23 |
| ഇൻവോയ്സ് നം,തിയ്യതി | 103/611 24.03.23 | 113/61224.03.23 (23*6500) |

ഇത് സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു

1) കരാർ ഉടമ്പടി 4,6 പ്രകാരം പദ്ധതിയുടെ മൊത്തം എസ്റ്റിമേറ്റ് തുകയുടെ 20% അഡ്വാൻസ് അനുവദിക്കേണ്ടതും പൂർത്തികരണ റിപ്പോർട്ട് കിട്ടി 15ദിവസത്തിനുള്ളിൽ ബാലൻസ് തുക അനുവദിക്കേണ്ടതുമാണ് എന്നതാണ്.ആ നിബന്ധന പാലിച്ചിട്ടില്ല.

2) പ്രൊജക്ടിൽ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് പദ്ധതി നിർവഹണം നടത്താമെന്ന് പറയുന്നുണ്ടെങ്കിലും SUEF മലപ്പുറത്തിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നേരിട്ടാണ് തുക നൽകിയിരിക്കുന്നത്.

3) മേൽ സൂചിപ്പിച്ച പ്രൊജക്ടുകൾ പ്രകാരം ലഭ്യമായ ബിന്നുകൾ വിതരണം നടത്തിയ വിവരം, സ്റ്റോക്കിലെടുത്ത വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല

4)ക്ലാസ്സ് റൂം ബിന്നുകൾ സ്ഥാപിക്കൽ പ്രൊജക്ടിൽ ഇൻവോയ്സ് (103/611, 24.03.23) പ്രകാരം എത്ര എണ്ണം ബിന്നുകൾക്കാണ് 249500/- വില ഈടാക്കിയിരിക്കുന്നത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഒരു ബിന്നിന് എത്ര രൂപയാണ് എന്ന വിവരം ലഭ്യമല്ല.അതിനാൽ എത്ര ബിന്നുകൾ ലഭ്യമായി എന്ന് ബിൽ സഹിതം ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/16.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ വിവരം ,ക്രമ നം 4 പ്രകാരമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-30 സ്കൂൾ ഹെൽത്ത് ക്ളബ് പദ്ധതി- മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല**

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി സ്കൂൾ ഹെൽത്ത് ക്ളബ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളിൽ നിന്ന് രോഗ ബാധിതനാകുന്ന കുട്ടിക്ക് ഡോക്ടറുടെ സേവനം ലഭിക്കുന്നതിന് മുൻപായി പ്രാഥമിക ശുശ്രൂഷ നൽകുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.ചെലവിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 350/23സ്കൂൾ ഹെൽത്ത് ക്ളബ് പദ്ധതി |
| അടങ്കൽ | 100000/-വികസന ഫണ്ട് ജനറൽ |
| ചെലവ് | 37814/- |
| ബിൽ നം., തിയ്യതി | 258/27.03.23 22484 /- കാരുണ്യ മെഡിക്കൽ ഡിപ്പോക്ക് നൽകിയത്<br>242/24.03.23 – 15330/-<br>സർജിക്കൽ ഹൈറ്റ് സ്റ്റാന്റ്-<br>(GEM Purchase)<br>ഇൻവോയ്സ് നം GST/22-23/1537-10080/-<br>ഇലക്ട്രോണിക് വെയിംങ്ങ് മെഷീൻ<br>(GEM Purchase)<br>ഇൻവോയ്സ് നം AS/22-23/1134,01.03.23 |

| | |
|---|---|
| | മരുന്നുകൾ ലഭ്യമായത്- ആകെ -11011/- |
| ഇൻവോയ്സ് നം, തിയ്യതി | 17521/18.09.23- 1378/-<br>16823/22.08.23- 2303/-<br>1571/03.05.23-72<br>6143/26.05.23- 1693/-<br>4444/19.05.23-5384/-<br>12393/11.07.23-24/-<br>10916/29.06.23-157/-<br>ആകെ -11011/- |

മേൽ സൂചിപ്പിച്ച പദ്ധതി നിർവഹണം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു

1)മരുന്നുകൾ വാങ്ങുന്നതിന് കാരുണ്യ ഫാർമസിയിലേക്ക് നൽകിയതിൽ മരുന്നുകൾ ഭാഗികമായാണ് ലഭ്യമായിരിക്കുന്നത്. ബാലൻസ് തുകക്കുള്ള മരുന്നുകൾ (22484-11011=11473/-)ലഭ്യമായിട്ടില്ല.

2) ഇലക്ട്രോണിക് വെയിംങ്ങ് മെഷീൻ, സർജിക്കൽ ഹൈറ്റ് സ്റ്റാന്റ് എന്നിവ സ്റ്റോക്കിലെടുത്തതിന്റെയും ഏത് സ്കൂളിനാണ് നൽകിയത് എന്നതിന്റെയും വിവരം ലഭ്യമാക്കിയിട്ടില്ല

3)മരുന്നുകൾ സ്റ്റോക്കിലെടുത്ത വിവരം കാലാവധി കഴിഞ്ഞ് മരുന്നുകൾ മാറ്റുന്നതിനുള്ള സംവിധാനം ആയത് മോണിറ്റർ ചെയ്ത വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/16.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.ബാലൻസ് തുകക്കുള്ള മരുന്നുകൾ കാരുണ്യ ഫാർമസിയിൽ നിന്ന് ലഭ്യമാക്കാനും മരുന്നുകൾ സ്റ്റോക്കിലെടുക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-31 പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സംബന്ധിച്ച്**

വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം കുടിവെള്ള വിതരണം നടത്തുന്ന 137 പൊതുടാപ്പുകൾക്കുള്ള തുക ടാപ്പൊന്നിന് 8692.11 രൂപ പ്രകാരം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നുണ്ട്. ആയത് പ്രകാരം പ്രതിമാസം അടവാക്കേണ്ട ചാർജ് 99234/- രൂപയാണ്. GO(MS)11/23/WRD,03.02.23അനുസരിച്ച് മാർച്ച് മാസം മുതൽ ടാപ്പൊന്നിന് 8692.11 ൽ നിന്ന് 21838 രൂപയായി ഉയർത്തിയിട്ടുണ്ട്. ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെയുള്ള കാലയളവിൽ നഗരസഭ ഈ തുക എല്ലാ മാസവും അടവാക്കുന്നുണ്ട്. ഈ കാലയളവിലെല്ലാം വാട്ടർ അതോറിറ്റി ഓരോ മാസത്തെയും ഡിമാന്റിനോടൊപ്പം കുടിശ്ശികതുകയും പിഴയും ഡിമാന്റ് ചെയ്തിരിക്കുന്നു.

2023 നവംബർ മാസത്തെ ഡിമാന്റ് താഴെപ്പറയും പ്രകാരമാണ്.

കുടിശ്ശിക- 731534 /-

ഫൈൻ- 19240 /-

തൻമാസത്തെ ഡിമാന്റ്- 249329 /-(8692/- പ്രകാരം)

ആകെ- 1000103 /-

ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു

- ഈ കുടിശ്ശിക ഏത് കാലയളവിലുള്ളതാണെന്നും കുടിശ്ശിക ഉണ്ടാവാനുള്ള കാരണവും വ്യക്തമല്ല.
- വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്തപരിശോധനയുടെ റിപ്പോർട്ട്, ആയതിന്റെ അടിസ്ഥാനത്തിലുള്ള വാർഡ് തലത്തിലുള്ള പൊതു ടാപ്പുകളുടെ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.
- പൊതുടാപ്പുകളുടെ എണ്ണം കുറവ് ചെയ്യുന്നതിനായി ഓഡിറ്റ് കാലയളവിൽ ഗുണഭോക്താക്കൾക്ക് ഗാർഹികകണക്ഷൻ നൽകുന്നതിന് സബ്സിഡി അനുവദിക്കുന്ന പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

20/2/2023 തീയതിയിലെ നം.എ1/14772/17 കത്ത് പ്രകാരം ഡിമാന്റ് നോട്ടീസിൽ കുടിശ്ശികയും പിഴയും

ഡിമാന്റ് ചെയ്തത് സംബന്ധിച്ച് ഈ നഗരസഭയിൽ നിന്നും നാളിതുവരെ കുടിശ്ശിക വരുത്തിയിട്ടില്ലാത്തതാണെന്ന് കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട് .ഇതോടൊപ്പം ഈ കുടിശ്ശിക ഏത് കാലയളവിലുള്ളതാണെന്ന വ്യക്തവരുത്തേണ്ട വിവരം കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി തുടർന്നും കുടിശ്ശിക ഡിമാന്റ് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. നിലവിൽ ഈ വിഷയത്തിൻ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 27/23.01.24)മറുപടി ലഭ്യമാക്കിയതിൽ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്നും പൊതു ടാപ്പുകളുടെ എണ്ണം കുറയ്ക്കുന്ന വിഷയം പരിഗണിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച തുടർ നടപടികൾ സത്വരം സ്വീകരിക്കേണ്ടതാണ്.

## 1-32 ഗൈഡൻസ് കൗൺസിലിങ്ങ് ക്ളാസ്സ് -ചെലവു രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി 10, 12ക്ളാസ്സിലെ കുട്ടികൾക്ക് ഗൈഡൻസ് കൗൺസിലിംങ്ങ് ക്ളാസ്സ് നൽകൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളിലെ അക്കാദമിക്ക് മുന്നേറ്റം യഥാർത്ഥ്യമാക്കുന്നതിനുവേണ്ടി വിവിധ സ്കൂളിലെ കുട്ടികൾക്ക് ഗൈഡൻസ് കൗൺസിലിംങ്ങ് ക്ളാസ്സ് നൽകുന്നതിനു വേണ്ടി 300000/- വകയിരുത്താനാണ് പദ്ധതി വിഭാവനം ചെയ്തത്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 348/22 |
| അടങ്കൽ | 300000 /- വികസന ഫണ്ട് ജനറൽ |
| ചെലവ് | 300000 /- |
| ബിൽ നം., തിയ്യതി | 272/28.03.23 |

മേൽ സൂചിപ്പിച്ച ബിൽ പ്രകാരം താഴെ പറയുന്ന 5 സ്കൂളുകൾക്ക് 60000/-വീതമാണ് തുക നൽകിയിരിക്കുന്നത്.

1) ഹെഡ്മാസ്റ്റർ, DHS,മണ്ണാർക്കാട് ,(A/C NO 67368208200)

2) ഹെഡ്മാസ്റ്റർ, KTMHS മണ്ണാർക്കാട് , (A/C NO 67337530574)

3) ഹെഡ്മാസ്റ്റർ, MESHS മണ്ണാർക്കാട് , (A/C NO 67039158681)

4) ഹെഡ്മാസ്റ്റർ, DHSS , മണ്ണാർക്കാട് (A/C NO 31341713718)

5) ഹെഡ്മാസ്റ്റർ, MESHSSമണ്ണാർക്കാട് (A/C NO 57054695087)

മേൽ സൂചിപ്പിച്ച സ്കൂളുകൾക്ക് നൽകിയ തുകയിൽ ക്രമ നം 1, 2 ൽ സൂചിപ്പിക്കുന്ന സ്കൂളുകൾക്ക് എസ്.എസ്.എൽ.സി പരീക്ഷക്ക് തയ്യാറാകുന്ന സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് രാവിലേയോ വൈകുന്നേരമോ അധിക പഠന ക്ളാസ്സുകൾഎടുക്കുന്നതിനും ക്രമ നം 4 ൽ സൂചിപ്പിക്കുന്നസ്കൂളുകൾ PLUS ONE, PLUS TWO പരീക്ഷക്ക് തയ്യാറാകുന്ന സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് രാവിലേയോ വൈകുന്നേരമോ അധിക പഠന ക്ളാസ്സുകൾഎടുക്കുന്നതിനും ചെലവഴിച്ച രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം 3, 5എന്നീ സ്കൂളുകൾക്ക് നൽകിയ ചെലവുവിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകൾ ലഭ്യമാക്കുന്നതുവരെ മേൽ സൂചിപ്പിച്ച രണ്ടു സ്കൂളുകൾക്കും നൽകിയ തുക 120000/-തടസ്സപ്പെടുത്തുന്നു.

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/20.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33 സാമൂഹിക സുരക്ഷാ മിഷന് തുക കൈമാറിയത്- പദ്ധതി പൂർത്തികരിച്ച വിവരം ലഭ്യമല്ല

തൻവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി മണ്ണാർക്കാട് മുൻസിപ്പാലിറ്റിയിൽ കോക്ളിയർ ഇമ്പ്ളാന്റേഷൻ ചെയ്ത കുട്ടികൾക്ക് ഉപകരണത്തിന്റെ അറ്റകുറ്റപണിക്കും കേടുവന്ന ഉപകരണം മാറ്റുന്നതിനും ഒരു കുട്ടിക്ക് 50000/- രൂപ നിരക്കിൽ കേരള സാമൂഹിക സുരക്ഷാ മിഷന്റെ അക്കൗണ്ടിലേക്ക് (A/C No-70101400000134) കൈമാറിയിട്ടുണ്ട്. . 14.12.22 തിയ്യതിയിലെ നഗരസഭാ കൗൺസിലിന്റെ തീരുമാനം നമ്പർ 2/2 അനുസരിച്ച് ഈ പദ്ധതിയുടെ ഗുണഭോക്താവായി താഴെ

പറയുന്ന ഗുണഭോക്താവിനെ തിരഞ്ഞെടുത്തിട്ടുണ്ട്

1) അർജ്ജുൻ.കെ.മോഹൻ, മണ്ണാർക്കാട്

വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് 225/23 കോക്ളിയർ ഇമ്പ്ളാന്റേഷൻ-സാമൂഹിക സുരക്ഷാ മിഷൻ തുക കൈമാറൽ

അടങ്കൽ- 50000(വികസന ഫണ്ട് ജനറൽ)

ചെലവ് - 50000/- ( ബിൽ നം 17/15.02.23)

ടി തുക വിനിയോഗിച്ചതിന്റയും യഥാർത്ഥ ഗുണഭോക്താക്കൾക്ക് തുക ഉപയോഗപ്പെടുത്തിയതിന്റെയും വിവരം അന്വേഷിച്ചുകൊണ്ട് ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറിക്ക്(14/19.01.24) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിവരം മോണിറ്റർ ചെയ്യേണ്ടതും യഥാർഥ ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചോ എന്ന് ഉറപ്പിക്കേണ്ടതാണ്.

**1-34 THRS- വാങ്ങൽ ബില്ലുകളിൽ ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കിയിട്ടില്ല**

ഐ.സി.ഡി.എസ്. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അങ്കണവാടി പൂരക പോഷകാഹാര പദ്ധതി (ജനറൽ) അനുസരിച്ച് അങ്കണവാടികൾക്ക് പോഷകാഹാരം നൽകുന്നതിനായി ബന്ധപ്പെട്ട് തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

**പ്രോജക്ട് 11/23** അങ്കണവാടി **പോഷകാഹാരം (ജനറൽ)**

| | |
|---|---|
| അടങ്കൽ | വികസന ഫണ്ട് 3000000 |
| | കേന്ദ്ര വിഹിതം 1500000 |
| | **ആകെ 4500000** |
| ചെലവ് | വികസന ഫണ്ട് 3000000 |
| | കേന്ദ്ര വിഹിതം 1052644 |
| | **ആകെ 4052644/-** |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

**ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

| ക്രമ നം. | ബിൽ നമ്പർ & തീയതി | തുക | ഇൻവോയ്സ് നം/തിയ്യതി | ഇൻവോയ്സ് തുക |
|---|---|---|---|---|
| 1 | 2/07.06.22 | 813799/- | 130/08.02.22 | 99225 |
| | | | 137/07.03.22 | 101115 |
| | | | 90/10.09.21 | 134190 |
| | | | 106/09.11.21 | 89775 |
| 2 | 3/14.06.22 | 721240/- | 35/10.02.21 | 114800 |
| | | | 43/12.03.21 | 141750 |
| | | | 113/15.12.21 | 92610 |
| 3 | 6/23.06.22 | 290020/- | 122/06.01.22 | 96862 |
| 4 | 10/14.10.22 | 217934 | 148/11.08.22 | 101115 |
| | | | 156/24.09.22 | 101115 |
| 5 | 246/25.03.23 | 361028 | 166/19.11.22 | 101115 |
| | | | 181/12.01.23 | 98280 |
| | | | 190/28.03.23 | 101115 |
| 6 | 135/14.02.23 | 106170 | 175/17.12.22 | 101115 |
| | | | | 1474182 |
| ഈടാക്കേണ്ടിയിരുന്ന നികുതി CGST(1%) | | | | 14742 |
| SGST(1%) | | | | 14742 |
| ആകെ | | | | 29484 |

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28 -ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം. ഡി.എ 1/87/2019/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം പ്രൊജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണം പ്രോജക്ട് പ്രകാരമുള്ള അമൃതം ന്യൂട്രിമിക്സ് വാങ്ങലുകളിന്മേൽ അമൃതം ഫുഡ്സ്, മുതുകുറിശ്ശി, തച്ചമ്പാറ എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ ജി.എസ്.ടി തുക (29483.64/-) പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/18.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഈടാക്കി ബന്ധപ്പെട്ട വകുപ്പിനെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-35 പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.**

**തൻവർഷം അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.**

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 95/23- നാരങ്ങപ്പൊറ്റ വടക്കുംപുറം റോഡ് റീടാറിങ്ങ് , സൈഡ് പ്രൊട്ടക്ഷൻ<br>251880<br>ബിൽ നം.- 2/30-5-2022, Rs. 277684/- | 3-12-2021 | 6-12-2021 | 68/AE/ LSGD/MKD/ 1-1-2022,<br>MB No. 118/21-22<br>ഹബീബ് മുഹമ്മദ് | 2519 | 0 | 2519 |
| 2 | SO 92/23- പള്ളിപ്പറമ്പ് റോഡ് റീടാറിങ്ങ് ,<br>44002<br>ബിൽ നം.- 6/6-9-2022, Rs. 50000/- | 4-3-2022 | 5-3-2022 | 142/AE/ LSGD/MKD/ 25-3-2022,<br>MB No. 125/21-22<br>ഹംസ .എ. | 1000 | 0 | 1000 |
| 3 | SO 162/23- കാഞ്ഞിരം ഈർച്ചമില്ലിന്റെ മുൻവശത്ത് നിന്നും പാടത്തേക്ക് എത്തിച്ചേരുന്ന റോഡ് റീടാറിങ്ങ്<br>222549<br>ബിൽ നം.- 7/6-9-2022, Rs. 245817/- | 24-2-2022 | 5-3-2022 | 138/AE/ LSGD/MKD/ 25-3-2022,<br>MB No. 127/21-22<br>ഹംസ .എ. | 2225 | 0 | 2225 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | SO 131/23- ഹരിത നഗർ റോഡ് കോൺക്രീറ്റ്<br>267759<br>ബിൽ റഫറൻസ് നം.- 3127116101220119/30-3-2023, Rs. 300000/- | 3-12-2021 | 6-12-2021 | 71/AE/ LSGD/MKD/ 7-1-2022,<br>MB No. 109/21-22<br>ഹബീബ് മുഹമ്മദ് | 2678 | 0 | 2678 |
| 5 | SO 162/23- ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ടോയ്ലറ്റുകളുടെ നവീകരണം.<br>213957<br>ബിൽ റഫറൻസ് നം.- 3127116101220110/30-3-2023, Rs. 245817/- | 18-1-2020 | 18-1-2020 | 191/AE/ LSGD/MKD/ 22-2-2021,<br>MB No. 94/23<br>താജുദ്ദീൻ കെ.സി. | 2140 | 0 | 2140 |
| 6 | SO 126/23- പെയിൻ പാലിയേറ്റീവ് റോഡ് കോൺക്രീറ്റ്<br>199452<br>ബിൽ നം.- 3127116101220030/8-2-2023, Rs. 224000/- | 31-1-2022 | 4-2-2022 | 121/AE/ LSGD/MKD/ 21-2-2022,<br>MB No. 117/21-22<br>മുഹമ്മദാലി | 1994 | 0 | 1994 |
| 7 | SO 64/23- കുന്തിപ്പുഴ പള്ളപ്പറമ്പ് റോഡ് റീടാറിങ്ങ് ,<br>311715<br>ബിൽ നം.- 1/26-5-2022, Rs. 350000/- | 4-3-2022 | 5-3-2022 | 140/AE/ LSGD/MKD/ 25-3-2022,<br>MB No. 124/21-22<br>ഹംസ .എ. | 3117 | 0 | 3117 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/16-1-2024, 35/24-1-2024) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി ഇനത്തിൽ നഷ്ടം സംഭവിച്ച് തുക 15673 രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

**1-36 അനുമതിയില്ലാതെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിന്നും വളരെ വ്യത്യസ്തമായ അളവുകളിൽ പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു.**

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിന്നും വളരെ വ്യത്യസ്തമായ അളവുകളിൽ പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റിന്റെ നം. , പേര് : SO 81/23- ശിവൻകുന്ന് തട്ടാൻകുന്ന് കുടിവെള്ളപദ്ധതി.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 95977, 3127116101220009/20-6-2022, Rs. 95977/- |
| കരാർ നം., അളവു പുസ്തകം: | 126/AE/LSGD/MKD/8-9-2020, MB No. 246/22-23 |
| പി.എ.സി. | 157478 |
| കരാറുകാരൻ: | ടി. സോമൻ |

ഈ പ്രവൃത്തിയിൽ ആദ്യം ഉണ്ടാക്കിയ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ പിന്നീട് പ്രവൃത്തി നിർവ്വഹിച്ചപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റിലെ പല ഇനങ്ങളും ഒഴിവാക്കിയും പല ഇനങ്ങളുടെ അളവുകളിൽ വളരെ കുറവ് മാത്രം നിർവ്വഹിക്കുകയും ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം. | റിവൈസ്ഡ് എസ്റ്റിമേറ്റിലെ അളവ് | പ്രവൃത്തി നിർവ്വഹിച്ച അളവ് |
|---|---|---|
| Provding And Fixing | 100mtr | 3mtr |

| | | |
|---|---|---|
| PVC Pipes – 50mm Dia | | |
| Provding And Fixing PVC Pipes – 63mm Dia | 258mtr | 8mtr |
| Provding And Fixing PVC Pipes – 100mm Dia | 100 | 0 |
| Provding And Placing Poly Etheleyne Tank | 2000ltr | 1000ltr |

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെ നിബന്ധനകൾ പ്രകാരം പ്രവൃത്തിയിലെ ഇനങ്ങൾ ഒഴിവാക്കുകയോ വ്യാപകമായ രീതിയിൽ മാറ്റങ്ങൾ വരുത്തുകയോ ചെയ്യുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റിലെ അളവുകൾ പ്രകാരമല്ല പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം മാറ്റങ്ങൾ വരുത്തിയിട്ടും പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-37 ഇ-ടെൻണ്ടർ ഫീസ് നഗരസഭയുടെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ തുകകൾ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരുന്ന തുകകൾ നഗരസഭയുടെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

അസി. എൻജിനിയർ ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 67382595153-SBI, Mannarkkad Branch) 1-4-2022ൽ മുൻബാക്കി 3889391 രൂ. നിലനിൽക്കുന്നു. തൻവർഷം ഇ ടെണ്ടർ ഫീസിനത്തിൽ വരവുൾപ്പെടെ 31-3-2023ൽ ബാലൻസുള്ള 4293763രൂ. നഗരസഭയുടെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി ബാക്കി തുക തനത് ഫണ്ടിലേക്ക് കൈമാറാത്തതിന് കാരണം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-ടെൻണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമാകുന്ന തുകകൾ അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് നഗരസഭയുടെ തനതുഫണ്ടിൽ യഥാസമയം അടവാക്കാൻ നടപടികള് സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/20.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-38 റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ അളവുകൾ രേഖപ്പെടുത്തി പ്രവൃത്തീപൂർത്തീകരിച്ചിരിക്കുന്നു.

അസി.എൻജിനിയർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ അളവുകൾ രേഖപ്പെടുത്തി പ്രവൃത്തീപൂർത്തീകരണം രേഖപ്പെടുത്തി ബിൽത്തുക നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റിന്റെ നം. , പേര് : SO 69/23- മുക്കണ്ണം നായാടിക്കുന്ന് ഉൾറോഡ് ഇന്റർലോക്ക് കട്ടപതിക്കൽ

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | Rs- 404798/- BRN-3127116101220031/17-2022. |
| കരാർ നം., അളവു പുസ്തകം: | 38/AE/LSGD/MKD/4-8-2020, MB No. 117/20-21 |
| അടങ്കൽ | 405000 (തനത് ഫണ്ട്) |
| കരാറുകാരൻ: | ഉമ്മർ .എൻ |
| പ്രവൃത്തി പൂർത്തീകരണ കാലാവധി | 6 മാസം |

| | |
|---|---|
| റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കൗൺസിൽ അനുമതി നൽകിയ തീയ്യതി. | 18-5-2021 |
| അളവുകൾ രേഖപ്പെടുത്തിയ തീയ്യതി. | 31-10-2020 |
| ചെക്ക് മെഷർമെന്റ് രേഖപ്പെടുത്തിയ തീയ്യതി. | 2-11-2020 |

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് അളവുകൾ രേഖപ്പെടുത്തുകയും ചെക്ക് മെഷർ ചെയ്യുകയും ബിൽ തയ്യാറാക്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/24.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് ചട്ടപ്രകാരമുള്ള നടപടികൾ പാലിച്ച് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-39 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

**അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെസൂചിപ്പിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.**

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

**Fines For Extension Of Time**

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO 81/23- ശിവൻകുന്ന് തട്ടാൻകുന്ന് കുടിവെള്ളപദ്ധതി.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 95977, 312711610122009/20-6-2022, Rs. 95977/- |
| കരാർ നം., അളവു പുസ്തകം: | 126/AE/LSGD/MKD/8-9-2020, MB No. 246/22-23 |
| പി.എ.സി. | 157478 |
| കരാറുകാരൻ: | ടി. സോമൻ |
| സ്ഥലം കൈമാറിയ തീയ്യതി. | 8-9-2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 7-9-2020 |
| പൂർത്തീകരിച്ച തീയ്യതി: | 9-8-2021 |
| ഈടാക്കേണ്ട പിഴ (3%) | 4724 |
| ഈടാക്കിയത് | 2000 |
| ഈടാക്കിയതിൽ കുറവ്: | 2724 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6 മാസം അനുവദിച്ചിട്ടുള്ള ( ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. എന്നിട്ടും പ്രവൃത്തി തുടരുകയും ഈടാക്കിയ പിഴയിൽ കുറവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അനുവദനീയമായ പരിധിയിൽ കൂടുതൽ സമയം പ്രവർത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 34/24-1-2024, ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കാനുള്ള തുക 2724/- രൂപ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-40 ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള പൊതു ശൗചാലായം ഉപയോഗശൂന്യമായി നിൽക്കുന്നു.**

ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ശൗചാലയങ്ങളുടെ നവീകരണം എന്ന പ്രവൃത്തിയിലൂടെ നിർവ്വഹണം നടത്തിയ താലൂക്ക് ഓഫീസിലെ പൊതു ടോയ്ലറ്റ് ഉപയോഗശൂന്യമായി നിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി,<br>ബിൽ നം./ തീയതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ |
|---|---|---|
| 1 | SO 162/23- ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ടോയ്ലറ്റുകളുടെ നവീകരണം.<br>ബിൽ റഫറൻസ് നം.- 312711610122011 0/30-3-2023, Rs. 245817/- | 191/AE/LSGD/ MKD/22-2-2021,<br>MB No. 94/23<br>താജുദ്ദീൻ കെ.സി. |

20-1-2024ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ടി ടോയ്ലറ്റ് പൂട്ടിയിട്ടിരിക്കുന്നതായും ഉപയോഗശൂന്യമായി കിടക്കുന്നതായും കാണപ്പെട്ടു. കൂടാതെ അവിടേയ്ക്ക് വ്യക്തമായ വഴി ഇല്ലാതെയും പൊതുജനങ്ങൾക്ക് പെട്ടെന്ന് മനസിലാകും വിധം ദിശാസൂചകബോർഡ് വെയ്ക്കാതെയുമാണ് കാണപ്പെട്ടത്. ആയതിനാൽ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന സ്ഥലത്തല്ല ആയതിന്റെ പണി നിർവ്വഹിച്ചിരിക്കുന്നത് എന്ന് കാണുന്നു. ടി സംവിധാനം ഉപയോഗ ക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കണം എന്ന് സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.
ആയതിനാൽ മേൽസൂചിപ്പിച്ച പൊതു ശൗചാലയം ഉപയോഗക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-41 ചെലവു രേഖകൾ ലഭ്യമാക്കിയില്ല**

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവു രേഖകൾ ഓഡിറ്റിനു ലഭ്യമായിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം /പ്രൊജക്റ്റ് | ചെലവ് വിവരം |
|---|---|
| 34/23തെരുവുവിളക്കു റിപ്പയർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ-760132/-<br>ചെലവ്- 760132/- |
| 468/23 അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ വിഹിതം | തനതുഫണ്ട്<br>1000000-അടങ്കൽ<br>23400-ചെലവ് |

മേൽ സൂചിപ്പിച്ച ചെലവുരേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകൾ

ലഭ്യമാകുന്നതുവരെ തുക 783532/- തടസ്സപ്പെടുത്തുന്നു.

**1-42 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവഹിച്ചിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പിഴ ഈടാക്കിയിട്ടില്ല.**

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും സെക്രട്ടറിയും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

**Fines For Extension Of Time**

| Period | Rate Of Fine |
|---|---|
| First Extension (Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു

1) പ്രോജക്ടിന്റെ നം. , പേര് : 450 /23- കുടുംബശ്രീ വ്യവസായ യൂണിറ്റ് നിർമ്മാണം.

| | |
|---|---|
| അടങ്കൽ | 5000000 ,വികസന ഫണ്ട് ജനറൽ-2000000<br>വികസനഫണ്ട് എസ്.സി.പി-3000000 |
| ചെലവ്: , ബിൽ നം. , തീയ്യതി | 4559115,<br>48/30-8-2022, Rs. 1559115/-<br>180/14.12.22- 2049829/-<br>282/28.03.23- 950171/- |
| കരാർ നം., അളവ് പുസ്തകം: | KMBS/749/905/5908/22, 11.02.22 |
| പി.എ.സി. | 4113125/- |
| കരാറുകാരൻ: | അർജ്ജുൻ സോമൻ ,( KEL) |
| സ്ഥലം കൈമാറിയ തീയ്യതി. | 11-2-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 10-8-2022 |
| പൂർത്തീകരിച്ച തീയ്യതി: | 23-2-2023 |
| ഈടാക്കേണ്ട പിഴ (3%)<br>First Extension– 50,000/-<br>Beyond First Extension – 1,00,000/- | Limited To 50,000/-<br>Limited To 1,00,000/- |
| ഈടാക്കിയത് | 0 |
| ബാക്കി ഈടാക്കേണ്ടത്. | 1,50,000 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6 മാസം അനുവദിച്ചിട്ടുള്ള ( ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. എന്നിട്ടും പ്രവൃത്തി തുടരുകയും പിഴ ഈടാക്കിയതായി കാണുന്നില്ല.

2) പ്രോജക്ടിന്റെ നം. , പേര് : SO 39/23-അഹമദ് കുരിക്കൾ സ്മാരക ലൈബ്രറി കോൺഫറൻസ് ഹാൾ നിർമ്മാണവും ഷോപ്പ് റൂം നിർമ്മാണവും

| | |
|---|---|
| അടങ്കൽ | 4800000വികസന ഫണ്ട് ജനറൽ |
| ചെലവ്: , ബിൽ നം. , തീയ്യതി | 1133900, 101/14-12-2022, Rs. 1133900/- |
| കരാർ നം., അളവു പുസ്തകം: | KMBS/766/966/920//7176/22, 24.03.22 |
| പി.എ.സി. | 3952619 |
| കരാറുകാരൻ: | അർജ്ജുൻ സോമൻ ,( KEL) |
| സ്ഥലം കൈമാറിയ തീയ്യതി. | 11.04.22 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 11.12.22 |
| പൂർത്തീകരിച്ച തീയ്യതി: | 16.03.23 (എം.ബുക്കിൽ പെൻസിൽ ഉപയോഗിച്ചാണ് തീയ്യതി രേഖപ്പെടുത്തിയുട്ടുള്ളത്.) |
| ഈടാക്കേണ്ട പിഴ (3%) First Extension–50,000/- Beyond First Extension – 1,00,000/- | Limited To 50,000/- Limited To 1,00,000/- |
| ഈടാക്കിയത് | 0 |
| ബാക്കി ഈടാക്കേണ്ടത്. | 1,50,000 |

പ്രവൃത്തി പൂർത്തീകരണത്തിനായി 8മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. എന്നിട്ടും പ്രവൃത്തി തുടരുകയും പിഴ ഈടാക്കിയതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കാനുള്ള തുകയായ 3,00,000/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-43 PMAY-ഭവന നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല**

2022-23 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് PMAY ഭവനനിർമ്മാണത്തിനു നൽകിയ തുകയുടെ വിവരം സംബന്ധിച്ച് 4വാല്യം വാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ ഒരു ഗഡു മാത്രം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | കൈമാറിയ ആദ്യ ഗഡു | തീയതി |
|---|---|---|---|
| 1 | വിജയ പി.കെ, ശിവൻകുന്ന് | 25000 | 21.07.2017 |
| 2 | രാജൻ.കെ, ശിവൻകുന്ന് | 25000 | 4.08.2018 |
| 3 | അമ്മാളു, തെന്നാരി | 25000 | 4.08.2018 |
| 4 | പ്രീത, അണ്ടിപ്പാടം | 25000 | 24.11.2018 |
| 5 | സുഭദ്ര, നായാടിക്കുന്ന് | 25000 | 4.08.2018 |
| 6 | വിജയ ലക്ഷ്മി, പൂക്കുന്ന് കോളനി | 25000 | 4.08.2018 |
| 7 | സുമതി, കാരക്കപള്ളി യാലിൽ | 25000 | 6.10.2018 |
| 8 | കാളി, മുണ്ടേക്കരാട് | 40000 | 13.02.2020 |
| 9 | സറീന പള്ളികുന്ന് | 25000 | 28.05.20 |
| 10 | നജ്മുന്നീസ | 25000 | 28.05.20 |
| 11 | പാർവതി ,ക്കുറക്കോട്ടിൽ | 40000 | 05.09.22 |
| 12 | പ്രവീണ് അരയൻകോട് | 40000 | 05.09.22 |
| 13 | ജസീന(ജഷീല),പുല്ലിശ്ശേരി | 40000 | 31.03.23 |
| 14 | സുലൈഖ,വടക്കുമ്പുറം | 40000 | 05.09.22 |
| 15 | ഷഹർബത്ത് , പെരിമ്പിടാരി | 40000 | 31.03.23 |
| 16 | നബീസ,ചെമ്പൻകുഴിയിൽ | 40000 | 31.03.23 |

| | | | |
|---|---|---|---|
| 17 | അഷറഫ്, പെരിമ്പിടാരി | 40000 | 31.03.23 |
| 18 | അനീഷ്,പെരിമ്പിടാരി | 40000 | 05.09.22 |
| 19 | ജംഷീല,പെരിമ്പിടാരി | 40000 | 31.03.23 |
| 20 | വിനോദ്.സി.കെ, പെരിമ്പിടാരി | 40000 | 05.09.22 |
| 21 | നൗസൈബ, നമ്പിയംകുന്ന് | 40000 | തിയ്യതി എഴുതിയിട്ടില്ല |
| 22 | റംല.ടി വാർഡ് 1, കുന്തിപ്പുഴ | 25000/- | 04.08.18 |
| 23 | സൈനബ.കെ,കൊട്ടുവിലക്കുണ്ട് | 40000/- | 14.10.20 |
| 24 | ഫർസീന.പി.പി ചേലക്കാട്ടുതൊടി | 25000/- | 04.09.18 |
| 25 | രാമകൃഷ്ണൻ, വടക്കേക്കര | 25000/- | 04.08.18 |
| 26 | ദേവകി.കെ വടക്കേക്കര | 25000/- | 04.08.18 |
| 27 | ശോഭന, പടിഞ്ഞാറെ വീട്ടിൽ | 25000/- | 04.08.18 |
| 28 | ശാരദ.കെ കാഞ്ഞിരം | 25000/- | 28.05.20 |

രണ്ടു ഗഡു നൽകിയിട്ടും പണി പൂർത്തിയാക്കാത്തവരുടെ പേരു വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ വിവരം | കൈമാറിയ ആദ്യ ഗഡു | തീയതി |
|---|---|---|---|
| 1 | അംബിക.എം.ടി, പാറപ്പുറം | 40000<br>160000 | 13.02.2020<br>18.09.20 |
| 2 | നദീറ, പെരിഞ്ചോളം | 40000<br>160000 | 14.10.20<br>16.07.21 |
| 3 | കമറുന്നീസ.കെ, കുന്തിപ്പുഴ | 25000<br>15000 | 13.01.2023<br>21.11.20 |
| 4 | ഹസനത്ത്, കുളർമുണ്ട | 25000<br>100000 | 04.08.18<br>02.02.19 |
| 5 | ഫാത്തിമ.ടി.പി, വാർഡ് 3 | 25000<br>175000 | 11.12.19<br>14.10.20 |
| 6 | അസീന, കൊട്ടുവിലകുണ്ട് | 25000<br>100000 | 04.08.18<br>19.12.18 |
| 7 | വാബിത.പി.സി, വടക്കേക്കര | 25000<br>15000 | 13.01.2023<br>21.11.20 |
| 8 | അമ്മിണി വാർഡ്17 | 25000<br>100000 | 04.08.18<br>02.02.19 |
| 9 | സിന്ധു.കെ, വാർഡ്19 | 25000<br>100000 | 04.08.18<br>14.03.19 |
| 10 | പാത്തുട്ടി, വാർഡ് 23 | 25000<br>100000 | 04.08.18<br>19.12.18 |
| 11 | ഉണ്ണിയത്തി, നായാടിക്കുന്ന് | 25000<br>15000 | 2.2.19<br>07.08.20 |
| 12 | ബീക്കുട്ടി വാർഡ്.23 | 25000<br>100000 | 04.08.18<br>11.12.19 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനുലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അനുവദിച്ച തുകകൾ എഗ്രിമെന്റ് വ്യവസ്ഥകളനുസരിച്ച് തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/20.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗൃഹ നിർമ്മാണം പൂർത്തികരിക്കാനുള്ള ശ്രമം നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## 1-44 പി.എം.എ.വൈ. പദ്ധതി

പി.എം.എ.വൈ. പദ്ധതി പ്രകാരം നഗരസഭയിൽ 841 ഗുണഭോക്താക്കളാണ് ആകെ ഉള്ളത്. ആകെ ഗുണഭോക്താക്കളിൽ 589 പേരാണ് ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുള്ളത്. വീട്ട നിർമ്മാണം പൂർത്തികരിച്ചവയിൽ ഇനം തിരിച്ചുള്ള വിവരംതാഴെ കൊടുക്കുന്നു.

| വിഭാഗം | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|
| ജനറൽ | 589 |
| എസ്.സി | 48 |
| എസ്.ടി | 1 |
| ആകെ | 638 |

2022-23 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ട് ,തനതുഫണ്ട് എന്നിവ വകയിരുത്തി താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം./ പേര് | അടങ്കൽ | ചെലവ് | ബിൽ നം,തിയ്യതി |
|---|---|---|---|---|
| 1 | 266/23 PMAYഎസ്.ടി ഗുണഭോക്താക്കൾക്ക് നഗരസഭാ വിഹിതം | 203280/- വികസന ഫണ്ട് TSP | 200000/- | 180/07.03.23, 20000/-<br>179/07.03.23, 140000/-<br>65/19.09.22, 40000/- |
| 2 | 250/23PMAY 5 ാം ഡി.പി.ആറിലെ ഗുണഭോക്താക്കൾക്ക് നഗരസഭാ വിഹിതം | 3480000/- തനതുഫണ്ട് | 3080000/- | വൗച്ചർ നം<br>22200506/01.09.22-2200000/-(ട്രഷറി തനതുഫണ്ട്)<br>32200128/19.09.22<br>120000/- കനറാ ബാങ്ക് തനതുഫണ്ട്)<br>22201260/31.03.23<br>760000/-കനറാ ബാങ്ക് തനതുഫണ്ട്) |

മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരമുള്ള തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് പി. എം. എ. വൈ പദ്ധതിക്കായുള്ള മണ്ണാർക്കാട് ശാഖയിലുള്ള ബാങ്ക് ഓഫ് ബറോഡയിലെ അക്കൗണ്ട് നം. 37010100010466നിക്ഷേപിച്ചാണ് ചെലവുകൾ നടത്തുന്നത്.

കേന്ദ്രവിഹിതം

പി.എം.എ.വൈ ഭവന നിർമ്മാണത്തിനുള്ള കേന്ദ്ര വിഹിതം മണ്ണാർക്കാട് ICICIബാങ്കിലുള്ള അക്കൗണ്ട് നം 1173010001474/- ലേക്കാണ് വരുന്നത്.

തൻ വർഷത്തെ തനതുഫണ്ട്, പദ്ധതി വിഹിതം ,സംസ്ഥാനാവിഷ്കൃതം ,കേന്ദ്ര വിഹിതം എന്നിവയിൽ നിന്ന് പി.എം.എ.വൈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു

1) മേൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടിലെ വരവ് പരിശോധിക്കുമ്പോൾ 2022-23 വർഷം സംസ്ഥാനാവിഷ്കൃതം, കേന്ദ്രവിഹിതം ഇനത്തിൽ PMAY വിഹിതം ലഭ്യമായതിന്റെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

2)പദ്ധതി ഫണ്ട് ഒഴികെ 2022-2023 വർഷത്തിൽ സംസ്ഥാനാവിഷ്കൃതം, കേന്ദ്ര വിഹിതം എന്നിങ്ങനെയുള്ള ഫണ്ടുകളുടെ വരവ്-ചെലവ് വിവരം ഉൾക്കൊള്ളിക്കുന്നതിന് സാംഖ്യയിൽ ഹെഡ്ഡുകൾ ഇട്ടിട്ടില്ലാത്തതായി കാണുന്നു. പദ്ധതി ചെലവുകൾ മാത്രമാണ് ചെലവ് സ്റ്റേറ്റ്മെന്റിൽ (സുലേഖ) രേഖപ്പെടുത്തിയിട്ടുള്ളത്.

3) ഓരോ ഗുണഭോക്താവിനും ഗഡുക്കൾ അനുവദിക്കുമ്പോൾ അത് രേഖപ്പെടുത്തുന്നതിന് വച്ചിരിക്കുന്ന വാച്ച് രജിസ്റ്ററിൽഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം രേഖപ്പെടുത്തിയിട്ടില്ല .

6) 2022-23 വർഷം ICICI ബാങ്കിൽ വരവുവെച്ച കേന്ദ്ര വിഹിതം തുക **3300000/-** മുൻസിപ്പൽ സെക്രട്ടറിയുടെ

ബാങ്ക് ഓഫ് ബറോഡയിലുള്ള ശാഖയിലേക്ക് 07.04.22 തിയ്യതിയിൽ ട്രാൻസ്ഫർ ചെയ്യുകയും അവിടെ നിന്ന് ഗുണഭോക്താക്കൾ നൽകിയതായി പറയുന്നു.. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്തതായി വിവരം പരിശോധിക്കുമ്പോൾ ഗുണഭോക്താക്കളുടെ പേരു വിവരം ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ എത്ര ഗുണഭോക്താക്കൾക്ക് നൽകിയെന്ന് വ്യക്തമല്ല. തൻ വർഷം കേന്ദ്ര വിഹിതം എത്ര ഗുണഭോക്താക്കൾക്ക് എത്ര രൂപ വച്ച് നൽകി എന്ന വിവരം രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല

7) മുകളിൽ കൊടുത്തിരിക്കുന്ന ടേബിളിൽ ക്രമനം 2 ൽ സൂചിപ്പിക്കുന്ന പദ്ധതി പ്രകാരം 77 ഗുണഭോക്താക്കൾക്ക് 40000രൂപ വച്ച് ആകെ **3080000** രൂപ തനതുഫണ്ടിൽ നിന്ന് നൽകിയ വിവരം പരിശോധിക്കുമ്പോൾ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31 ഗുണഭോക്താക്കൾക്ക് നൽകിയതായി കാണുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഗുണഭോക്താക്കളുടെ പേരു വിവരം ഇല്ലാത്തതിനാൽ ഏതൊക്കെ ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്ന വിവരം ലഭ്യമല്ല .ബാക്കി ഗുണഭോക്താക്കൾക്ക് നല്കിയ വിവരം രേഖാമൂലം ലഭ്യമായിട്ടില്ല

8) പി എം എ വൈ ഭവന പദ്ധതിയുടെ ആകെ വരവ്, ചെലവിന്റെ കൃത്യത വാർഷിക കണക്കിൽ നിന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(41/25.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.. ക്രമ നം 6,7എന്നിവ പ്രകാരം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തുക ലഭ്യമായോ എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിതരണ വിവരം ലഭ്യമാകുന്നതുവരെ തുക 6380000/-തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 08.01.2024 മുതൽ 25.01.2024 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രൊജക്ട് നം. | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | കെ എസ് ഇ ബി (മണ്ണാർക്കാട്) | 43/23 | ആണ്ടിപ്പാടം യത്തീംഖാന കളം റോഡിൽ പോസ്റ്റ് സ്ഥാപിക്കൽ | 99/131222 /13.12.22 | 42,119 | - | 42,119 |
| 2 | കെ എസ് ഇ ബി (മണ്ണാർക്കാട്) | 294/23 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് മാറ്റലും | 106/06.01.23 147/23.02.23 | 117866+ 21560= (139426) | - | 139426 |
| 3 | അസി.എക്സി.എഞ്ചിനീയർ, പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സെക്ഷൻ, തൃശ്ശൂർ | 267/23 | നഗരസഭാ പ്രദേശത്ത് മാലിന്യമുക്തപ്രദേശ മാക്കുന്നതിന്റെ ഭാഗമായി സിസിടിവി സ്ഥാപിക്കൽ | 22101166/ 16.03.23 | 65,00,000 | - | 65,00,000 |

പദ്ധതി പൂർത്തീകരിച്ച് പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് B-18 പ്രകാരം മുൻവർഷങ്ങളിൽ പ്രോജക്ട് നിർവഹണത്തിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകിയതിൽ 1179051/- രൂപയും, കെ എസ് ഇ ബി (മണ്ണാർക്കാട്)യ്ക്ക് തുക നൽകിയതിൽ 320908/- രൂപയും അവശേഷിക്കുന്നു. ഇവയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് മിഷൻ | ലഭ്യമല്ല | 9,21,86,667 | 7,32,58,833 | 65,33,334 | --- | 6,67,25,499 |

ലോൺ വരവ്, വിനിയോഗം, തിരിച്ചടവ്, അടവാക്കാൻ ബാക്കിയുള്ള തുക എന്നിവ ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-22 | 2007-08 3-1 | 2010-11 | 5.4.10 | പദ്ധതി വിഹിതം ഉപയോഗിച്ച് വാങ്ങിയ ട്രാക്ടറുകൾ പാടശേഖര സമിതി ലേലം ചെയ്തു. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല |
| - | - | 2015-16 | 5.2-പൊതുവായ പരാമർശം | അവലോകനം.-അക്കൗണ്ടിംഗ് സമ്പ്രദായം (പ്രത്യേക അവലോകനം) | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |
| - | - | 2013-14 | 5.3 പൊതുവായ പരാമർശം | വ്യവസായം (പ്രത്യേക പരാമർശം) | |
| 2017-18 | 3-3 | 2019-20 | 3.1.2 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് നിർജ്ജീവാസ്ഥിയായി തുടരുന്നു. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |

## 4-9 ചാർജ് /സർച്ചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 3,43,88,875 |
| ഓഡിറ്റ് വർഷത്തെ വരവ് | 14,89,22,278 |
| ആകെ | 18,33,11,153 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 16,75,54,202 |
| നീക്കിയിരിപ്പ് | 1,57,56,951 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,18,397 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 75,84,492 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27-2 | 300960 | ശ്രീമതി.കൃഷ്ണകുമാരി.പി.ബി, സെക്രട്ടറി |

| | | |
|---|---|---|
| 1-44 | 6380000 | ശ്രീ.വിനയൻ,എൻ-5500000/-<br>(സെക്രട്ടറി ഇൻ ചാർജ്)<br>ശ്രീമതി.കൃഷ്ണകുമാരി.പി.ബി-880000/-<br>സെക്രട്ടറി |
| 1-32 | 120000 | ശ്രീ.നാരായണൻ.സി, ഹെഡ്മാസ്റ്റർ |
| 1-41 | 783532 | ശ്രീമതി.കൃഷ്ണകുമാരി.പി.ബി, സെക്രട്ടറി |
| ആകെ | 7584492 | |

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 5636 | ശ്രീ.മുഹമ്മദ് അൻസാർ, അസി.എഞ്ചിനീയർ |
| | 10037 | ശ്രീ.ബിബിൻ ജോസ്, അസി.എഞ്ചിനീയർ |
| 1-39 | 2724 | ശ്രീ.മുഹമ്മദ് അൻസാർ, അസി.എഞ്ചിനീയർ |
| 1-42 | 300000 | ശ്രീമതി.കൃഷ്ണകുമാരി.പി.ബി, സെക്രട്ടറി |
| ആകെ | 318397 | |

**(സി) കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുഹമ്മദ് അൻസാർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മണ്ണാർക്കാട് നഗരസഭ | ആനക്കപ്പള്ള ഹൗസ്, ഒന്നാം മൈൽ, പെരിമ്പടാരി-678762 മണ്ണാർക്കാട് |
| ശ്രീ.ബിബിൻ ജോസ്, അസി.എഞ്ചിനീയർ | കെ.എസ്.ഇ.ബി, മീൻ ഘട്ട്, മൂന്നാർ | വെണ്ണക്കൽ ഹൗസ്, കൈരാടി (പി.ഒ), നെന്മാറ, പാലക്കാട് |
| ശ്രീമതി.കൃഷ്ണകുമാരി.പി.ബി, സെക്രട്ടറി | സെക്രട്ടറി, ഏലൂർ നഗരസഭ | ആനക്കപ്പള്ള ഹൗസ്, ഒന്നാം മൈൽ, പെരിമ്പടാരി- 678762 മണ്ണാർക്കാട് |
| ശ്രീ.നാരായണൻ.സി, ഹെഡ്മാസ്റ്റർ | ജി.എം, യു പി സ്കൂൾ, മണ്ണാർക്കാട് | S/O, കുഞ്ഞുണ്ണി, ചെറുങ്ങോട്ടിൽ,കൊമ്പം, കൊടക്കാട് |
| ശ്രീ.വിനയൻ.എൻ (സെക്രട്ടറി ഇൻ ചാർജ്) | ആർ ഐ, ഒറ്റപ്പാലം നഗരസഭ | നെച്ചുള്ളി ഹൗസ്, പുലാപ്പറ്റ (പി.ഒ) 678582 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | - | ഒന്നുമില്ല |
| 1997-98 | എൽ.എഫ്. പി.9/1055/02/17-1-2003 | ഒന്നുമില്ല |
| 1998-1999 | എൽ.എഫ്. പി.9/1216/03/04-12-2003 | 7 |
| 1999-2000 | എൽ.എഫ്. പി.9/244/04/24-4-2007 | 38 |
| 2000-2001 | എൽ.എഫ്. പി.9/1606/13/17-12-2014 | 27 |
| 2001-2002 | എൽ.എഫ്. പി.9/1408/13/1-1-2015 | 19 |
| 2002-2003 | എൽ.എഫ്. പി.9/1250/06/10-9-2007 | 9 |
| 2003-2004 | എൽ.എഫ്. പി.9/1185/13/6-5-2014 | 13 |
| 2004-2005 | എൽ.എഫ്. പി.9/1184/13/5-8-2014 | 10 |
| 2005-2006 | എൽ.എഫ്. പി.9/1183/13/6-8-2014 | 9 |
| 2006-2007 | എൽ.എഫ്. പി.9/276/11/28-2-2011 | 15 |
| 2007-2008 | എൽ.എഫ്. പി.9/1181/13/28-11-2014 | 17 |
| 2008-2009, 2009-2010 2010-2011 | എൽ.എഫ്. പി.9/1055/02/17-1-2003 | 40 |
| 2011-2012 | എൽ.എഫ്. പി.9/1102/14/7-5-2015 | 18 |
| 2012-13 | കെ.എസ്.എ-പി.കെ.ഡി9/743/15 / 10-08-2015 | 12 |
| 2013-14 & 2014-15 | കെ.എസ്.എ-പി.കെ.ഡി9/1406/15 / 10-02-2016 | 41 |
| 2015-16 | 1.നം.കെ.എസ്.എ-പി.കെ.ഡി22-106/17 2. നം.കെ.എസ്.എ-പി.കെ.ഡി-22-107/17 (11/15 മുതൽ -3/16 വരെ) | 24 |
| 2016-17 | നം:KSA.PKD(22)-1991/17/3.11.2017 | 30 |
| 2017-18 | നം:KSA.PKD(22)168എ/2019/6-4-2019 | 37 |
| 2018-19 | നം:KSA.PKD(22)168എ/2019/6-4-2019 | 32 |
| 2019-20 | നം:KSA.PKD(22)1774/2021/29-6-2022 | 45 |
| 2020-21 | നം:KSA.PKD(22)1663/2022/30-7-2022 | 23 |
| 2021-22 | നം:KSA.PKD(22)273/2023/12-04-2023 | 29 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5 dated 21-06-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Mannarkkad Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mannarkkad Municipality for the year 2022-2023

**Date: 06/02/2024**

**Senior Deputy Director**
**District Office Palakkad**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Mannarkkad Municipality for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1. All the mandatory statements prescribed in accounting rules are not submitted for audit (Ratios & Notes on account)

2.No timely demand entry on accrual basis

| Description | Journal/voucher no. | Demand amount |
|---|---|---|
| 110010100-Property tax(General) | 42200783/1.4.2022<br>42200819/1.4.2022 | 15000000<br>81372 |
| 140110100-Licence | 42200782/1.4.2022 | 1685110 |

| | | |
|---|---|---|
| Fees for Dangerous and Offensive Trades | | |
| 110100100-Profession Tax- Institutions/ Professionals/ Traders | 42200773/1.4.2022 | 2747260 |
| 130200200-Rent from Office Buildings | 42200780/1.4.2022 | 432402 |

The Asset value shown in Balance sheet is not traceable to Asset Register.

3.The following demand registers are not periodically reconciled with the corresponding ledgers

- Profession tax demand register (Employees)
- Profession tax demand register (Institution)
- License Register
- Paramedical Institution Register
- Building Permit register
- Tutorial instituton Register
- Rent register
    - Entertainment tax register

4.The Asset value shown in Balance sheet is not traceable to Asset Register.
5.No worksheet/journals are produced to ensure the prior period item
6.Provisions are not made in Income and Expenditure statement
7.No worksheet/journals are produced to ensure the Depreciation
8.Accumalated Depreciation amount exceeds the asset value
9.Non disclosure of liability with respect to the bank balance of that account opened for the specific purpose.

| S.No | Head code | Bank Account | Amount |
|---|---|---|---|
| 1 | 450410300 | Bank of Baroda-PMAY-10466(V-5333) | 724108 |

10. Expenditure in Annual Finance statement do not match with Sulekha Statement
11. Monthly reconcilaiation of Bank Accounts not prepared
12. Appropriation control register not prepared for the grants received
13. Deposit register not prepared
14. DCB Statement of Property Tax (Both Residential and Non-residential) not produced for auditing
15. Cash book of AUEGS does not match with accounts.

Date:

Senior Deputy Director

District Office Palakkad

Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം.

### 1. INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 26412946.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 6875.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 432402.00 |
| 140000000 | Fee & User Charges | I-4(b) | 6167367.00 |
| 150000000 | Sale & Hire Charges | I-5(b) | 279409.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 150913522.00 |
| 171000000 | Interest Earned | I-8 | 99675.00 |
| 180000000 | Other Income | I-9 | 83651.00 |
| | **Total Income** | | **184395847.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 26135403.00 |
| 220000000 | Administrative Expenses | I-11(b) | 4183244.00 |
| 230000000 | Operations & Maintenance | I-12(b) | 11075160.00 |
| 240000000 | Interest & Finance Charges | I-13 | 16560.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 65017676.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 60206092.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 10553458.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 3021956.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 272000000 | Depreciation | I-17(a) | 16963468.00 |
| | **Total Expenditure** | | **197173017.00** |
| | **Gross Surplus / Deficit of income over Expenditure** | | **-12777170.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -23586814.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **10809644.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

### 2. RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 33614921.00 |
| Cash | Cash | RP-40(a) | 773954.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 7001150.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 6875.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 4518979.00 |
| 150000000 | Sale & Hire Charges | RP-5 | 279409.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 62317319.00 |
| 171000000 | Interest Earned | RP-8 | 278809.00 |
| 180000000 | Other Income | RP-9 | 31016.00 |
| 331000000 | Unsecured Loans | RP-26 | 1000000.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 25540115.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 1306.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 44771839.00 |
| 340000000 | Deposits Received | RP-27 | 871487.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-29 | 2070314.00 |
| 410000000 | Fixed Assets | RP-31 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 233660.00 |
| | **Grand total** | | **183311153.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 9029444.00 |
| 220000000 | Administrative Expenses | RP-11 | 4183244.00 |
| 230000000 | Operations & Maintenance | RP-12 | 11062160.00 |
| 240000000 | Interest & Finance Charges | RP-13 | 16560.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 4827096.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 52302558.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 10553458.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 3021956.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 0.0 |
| 331000000 | Unsecured Loans | RP-26 | 1116000.00 |
| 341000000 | Deposit Works | RP-28 | 0.0 |
| 350000000 | Other Liabilities | RP-29 | 12214604.00 |
| 430000000 | Stock-in-hand | RP-36 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-37 | 1532310.00 |
| | **Non Operating** | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | 19957.00 |
| 311000000 | Earmarked Funds | RP-22 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 0.0 |
| 340000000 | Deposits Received | RP-27 | 284384.00 |
| 350000000 | Other Liabilities | RP-29 | 7814725.00 |
| 410000000 | Fixed Assets | RP-31 | 31710987.00 |
| 412000000 | Capital work in Progress | RP-33 | 16944495.00 |
| 460000000 | Loans, Advances and Deposits | RP-41 | 920264.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 14488313.00 |
| Cash | Cash | RP-40(b) | 1268638.00 |
| | **Grand Total** | | **183311153.00** |

3. BALANCE SHEET

As on 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 38065586.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 15143.00 |
| 312000000 | Reserves | B-3 | 153184879.00 |
| | **Total Reserve & Surplus** | | **191265608.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12123794.00 |
| | **Total Grants, Contributions for Specific Purposes** | | **12123794.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 66725499.00 |
| 331000000 | Unsecured Loans | B-6 | 104761.00 |
| | **Total Loans** | | **66830260.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 5204590.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 4427052.00 |
| | **Total Current Liabilities and Provisions** | | **9631642.00** |
| | **TOTAL LIABILITIES** | | **279851304.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 241092803.00 |
| 411000000 | Accumulated Depreciation | B-11 | -109659588.00 |
| 412000000 | Capital Work in Progress | B-11 | 15308345.00 |
| | **Total Fixed Assets** | | **146741560.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 46878673.00 |
| 440000000 | Pre-paid Expenses | B-16 | 66725499.00 |
| 450000000 | Cash and Bank Balance | B-17 | 15756951.00 |
| 460000000 | Loans, Advances and Deposits | B-18 | 3748621.00 |
| | **Total Current Assets, Loans and Advances** | | **133109744.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **279851304.00** |

Senior Deputy Director